കെസിബിസി
മീഡിയ



# Lent 2026

# വത്തിക്കാൻ തരംഗം

Vol No.36 No.2 February 2026 Rs.5.00

# Missionary Sisters of St. Therese of Infant Jesus (MSST)



*"Come, Follow me..."*

**The Lord Wants You to be His :**

**Heart, Hands, Voice, Eyes and Feet...**

Join the MSST, Cherupushpa Nivas Convent, Umayanalloor P. O, Kottiyam

**Call: 0474 2530015, 9495631712**

വത്തിക്കാൻ തരംഗം
VATHICAN THARANGAM
February - 2026
RN. 55 178/94
പുസ്തകം- 36
Monthly
ലക്കം-2

# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- ഹൃദയങ്ങളെയും ലോകത്തെയും ... 07
- വിവിധ സംസ്കാരങ്ങളിലെ ... 13
- ഒറ്റപ്പെടലിന്റെ മുറിവുണക്കാൻ ... 17
- സുവിശേഷ പ്രഘോഷകരാകാൻ ... 22
- ക്രിസ്തു ജീവിക്കുന്നു ... 25
- വിജയ കിരീടങ്ങളിലേക്കുള്ള ... 29
- വാർത്തയും ചിന്തയും ... 34


*മുഖ്യരക്ഷാധികാരി*
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# ആത്മീയതയുടെ സൗമ്യസഞ്ചാരം

## കൃപയിലൂടെ, സ്നേഹത്തിലൂടെ...

**EDITORIAL**



നോമ്പ്കാല സന്ദേശത്തിൽ ലെയോ പതിനാലാമൻ പാപ്പ രണ്ട് ആഹ്വാനങ്ങളാണ് വിശ്വാസികൾക്കായി നൽകിയത്. ഒന്ന്: നാം ഹൃദയപരിവർത്തനത്തിന് സന്നദ്ധരാകണം. രണ്ട്: നാം ദൈവസ്നേഹം ജീവിച്ചു കാണിക്കണം.

ദൈവത്തിന്റെ കരുണാമയമായ വെളിപ്പെടുത്തലായ യേശുവിന്റെ പെസഹാ രഹസ്യം ആഘോഷിക്കാൻ നാം ആത്മീയമായി നവീകരിക്കപ്പെടണമെന്നും പ്രാർത്ഥനയുടെ അരൂപിയിൽ ശക്തിപ്പെടണമെന്നും പാപ്പ പറയുന്നു. ഇതിനുവേണ്ടി ജ്ഞാനസ്നാനത്തിന്റെ മഹത്വം ഓരോ വിശ്വാസിയും ആഴത്തിൽ മനസ്സിലാക്കണം. മാത്രമല്ല, യേശുവിന്റെ മനുഷ്യാവതാരം, മരണം, പുനരുത്ഥാനം എന്നിവയിലൂടെ നവീകരിക്കപ്പെട്ട സൃഷ്ടികളായി ജീവിക്കാൻ നോമ്പനുഷ്ഠാനം വിശ്വാസതലത്തിൽ നമ്മെ പ്രാപ്തരാക്കണമെന്ന് പാപ്പാ നിഷ്കർഷിക്കുന്നുണ്ട്.

ജ്ഞാനസ്നാനത്തെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ വിവരണം നാം വായിക്കുന്നത് വിശുദ്ധ കൊച്ചു ത്രേസ്യയുടെതാണ്. ജ്ഞാനസ്നാനത്തിന്റെ കൃപ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സമുദ്രത്തിലേക്ക് സാഹസികമാംവിധം എടുത്തുചാടുന്ന ഒരു മലവെള്ളപ്പാച്ചിൽ പോലെയാണെന്ന് വിശുദ്ധ എഴുതിവച്ചു. ജ്ഞാനസ്നാനത്തെക്കുറിച്ചുള്ള ഏതൊരു ദൈവശാസ്ത്ര വിചിന്തനങ്ങളെയും അതിശയിപ്പിക്കുന്ന ആ വാക്കുകളുടെ മനോഹാരിത, പിൽക്കാലത്ത് അവളുടെ മരണശേഷമുള്ള 'പനിനീർ പുഷ്പ വർഷ' മായി



മാറി (Last conversations, Yellow Notebook, Page 62) ജ്ഞാനസ്നാനം വിശ്വാസത്തിന്റെ കൂദാശയെന്നാണ് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നത്. മതബോധനഗ്രന്ഥം ഈ ആശയം കുറേക്കൂടി സുവ്യക്തമാക്കുന്നത് ഇങ്ങനെ: "എന്നാൽ വിശ്വാസത്തിനു വിശ്വസിക്കുന്നവരുടെ സമൂഹം ആവശ്യമാണ്. സഭയുടെ വിശ്വാസത്തിൽ നിന്നുകൊണ്ടു മാത്രമേ ഓരോ വിശ്വാസിക്കും ജീവിക്കാൻ കഴിയുകയുള്ളൂ... മാമ്മോദീസ സ്വീകരിച്ച എല്ലാവരുടെയും വിശ്വാസം, അവർ ശിശുക്കളായാലും മുതിർന്നവരായാലും മാമ്മോദീസയ്ക്കുശേഷം വളരണം... മാമ്മോദീസ ക്രിസ്തുവിലുള്ള ആ പുതിയ ജീവിതത്തിന്റെ ഉറവിടമാണ്. അതിൽ നിന്ന് ക്രൈസ്തവ ജീവിതം മുഴുവനും നിർഗളിക്കുന്നു. (CCC പേജ് 320) നോമ്പ് കാലത്ത് ഓരോ വിശ്വാസിയും കൈവരിക്കേണ്ട ഹൃദയ നവീകരണത്തെക്കുറിച്ച് പാപ്പ വിവരിക്കുന്നത് മാമ്മോദീസയുടെ സഭാപഠനങ്ങളെ ആധാരമാക്കിയാണെന്ന കാര്യം നാം മറക്കരുത്.

ഈ കാലഘട്ടത്തിന്റെ വിചിത്രമായ രൂപഘടനയിൽ നമ്മുടെ വിശ്വാസം നിരന്തരം പരീക്ഷിക്കപ്പെടുന്നുണ്ട്. പഴയനിയമത്തിൽ നീതിയെക്കുറിച്ച് നിരന്തരമായ ഓർമ്മപ്പെടുത്തലുണ്ട്. എന്നാൽ പുതിയ നിയമത്തിൽ നീതി ഉൾപ്പെടെയുള്ള എല്ലാ കൽപ്പനകളും പുതിയ നിയമത്തിന്റെ അടിസ്ഥാന പ്രമാണമായ സ്നേഹത്തിൽ ഉൾച്ചേർന്നിരിക്കുകയും പൂർത്തിയാവുകയും ചെയ്തിരിക്കുന്നുവെന്നാണ് വചനസാക്ഷ്യം (മത്താ. 22:40, മർക്കോ 12:28-31, ഗലാ. 5:14, റോമാ 13:9-10) നീതി ഒരാളുടെ അവകാശങ്ങളിൽ ശ്രദ്ധിക്കുമ്പോൾ സ്നേഹം വ്യക്തിയെത്തന്നെ പരിഗണിക്കുന്നു. അപരന്റെ ജീവിതത്തെ മൃദുവായൊന്നു തൊടാനും, അവരുടെ ഹൃദയങ്ങളിൽ ഇടം പിടിക്കുവാനുമുള്ള ഏക വഴിയാണ് സ്നേഹം. ഈ നോമ്പ്കാല ദിനങ്ങളിൽ നമ്മുടെ ഹൃദയങ്ങളെ നവീകരിക്കാനുള്ള അനുഷ്ഠാനങ്ങളിൽ സഹോദരനെയും അപരനെയും പ്രതിഷ്ഠിക്കുന്നതിലൂടെ ദൈവത്തെ പ്രീതിപ്പെടുത്താൻ നമുക്ക് കഴിയുമെന്ന് ചിന്തിക്കുക. നെറ്റിയിൽ വരച്ച കുരിശിന്റെ ശക്തിയാൽ നമ്മുടെ ശൈശവ, ബാല്യ, കൗമാര, യൗവ്വന, വാർദ്ധക്യ കാലത്തെ അറിഞ്ഞും അറിയാതെയുമുള്ള പാപങ്ങളെ കുടഞ്ഞെറിയാനുള്ള വിശ്വാസദാർഢ്യം നമുക്ക് കൈവരിക്കാം. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ
# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ
## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

**ക്ലോഡിന്റെ ജീവിതലക്ഷ്യം**

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.

നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ



വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# ഹൃദയങ്ങളെയും ലോകത്തെയും നവീകരിക്കാൻ സുവിശേഷത്തെ മുന്നിൽ നിർത്താം: ലെയോ പാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** 'ഹൃദയങ്ങളെയും ലോകത്തെയും രൂപാന്തരപ്പെടുത്തുന്ന യഥാർത്ഥ ശക്തി' ഉൾക്കൊള്ളുന്ന സുവിശേഷത്തെ ജനങ്ങൾക്കു മുന്നിൽ ഫലപ്രദമായി അവതരിപ്പിക്കാൻ കഴിയണമെന്ന് ലെയോ പതിനാലാമൻ മാർപാപ്പ. 'ഈ കാലഘട്ടത്തെ സ്നേഹിക്കാൻ നമ്മെ സഹായിക്കുന്നതും യാഥാർത്ഥ്യത്തെ വ്യാഖ്യാനിക്കാനുള്ള ഉപകരണങ്ങൾ നൽകുന്നതുമായ' സഭയുടെ സാമൂഹിക പ്രബോധനം ലോകത്തിനു പരിചയപ്പെടുത്തണമെന്നും പാപ്പാ പറഞ്ഞു.

തൊഴിൽ ലോകത്ത് സുവിശേഷ സാന്നിധ്യമാകുക, ഒരു പുതിയ സംസ്കാരം പ്രോത്സാഹിപ്പിക്കുക, യുവാക്കളെ ഉചിതമായ തൊഴിൽ തിരയുന്നതിലും സാക്ഷാത്കരിക്കുന്നതിലും അനുഗമിക്കുക എന്നീ വിഷയങ്ങളെ അജപാലന ശുശ്രൂഷയുടെ കേന്ദ്രബിന്ദുവാക്കി ഇറ്റാലിയൻ മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന പോളികോറോ (Progetto Policoro) പദ്ധതിയിലെ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തിയപ്പോഴാണ് ലെയോ പതിനാലാമൻ മാർപാപ്പ ആധുനിക ലോകത്തെ സുവിശേഷ ദൗത്യം ഏതു വിധമാകണമെന്നു ഉദ്ബോധിപ്പിച്ചത്. 'യുവാക്കളേ, നിങ്ങൾ തളരാത്ത, പിൻമാറാൻ കൂട്ടാക്കാത്ത, സദാ സന്നദ്ധത പ്രകടമാക്കി നിൽക്കുന്ന ഇറ്റലിയുടെ മനോഹര മുഖമാണ്" എന്ന ആമുഖ നിരീക്ഷണത്തോടെയാണ് പാപ്പാ സംസാരിച്ചു തുടങ്ങിയത്. അഴിമതി, തൊഴിൽ ചൂഷണം, അനീതി എന്നി



വയുടെ കുറുക്കുവഴികളിലേക്കില്ല എന്ന് അടിയുറച്ചു പറയുന്നതിനും, മാഫിയകളിൽ നിന്ന് പിടിച്ചെടുത്ത സ്വത്തുക്കൾ സാമൂഹിക നിക്ഷേപങ്ങളായി മാറ്റുന്നതിനും സംരംഭകത്വം സൃഷ്ടിക്കുന്നതിനും പോളികോറോ നടത്തിയ പ്രവർത്തനങ്ങളെ പാപ്പാ അഭിനന്ദിച്ചു. സമാധാനത്തിനായി ഇടപെടൽ നടത്താനും, പൊതുനന്മയെക്കുറിച്ചുള്ള അവബോധം വളർത്താനും നടത്തിയ നീക്കങ്ങളും പാപ്പാ അനുസ്മരിച്ചു. പലവിധ കാരണങ്ങളാൽ നിരാശരായ യുവജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും, ലോകത്തെ മെച്ചപ്പെടുത്താനും പദ്ധതിയിലെ അംഗങ്ങൾ നടത്തിവരുന്ന പരിശ്രമങ്ങൾ നന്ദിയോടെ പാപ്പാ അനുസ്മരിച്ചു.

## മുന്നറിയിപ്പ്

സഭയ്ക്ക്, രാജ്യസേവനത്തിനായി എന്തുചെയ്യാൻ കഴിയുമെന്നും അത് എപ്രകാരമായിരിക്കണമെന്നും വ്യക്തമാക്കിത്തരുന്ന സജീവവും യുവദീപ്തി നിറഞ്ഞതുമായ പ്രതിച്ഛായയാണ് പോളികോറോയുടേത്.ആരും ഉപേക്ഷിക്കപ്പെട്ടതായി തോന്നരുതെന്നും, മറിച്ച് ഏവർക്കും പ്രചോദനം നല്കുവാനുതകും വിധം പദ്ധതികൾ മറ്റ് ഇടങ്ങളിലേക്കു വ്യാപിപ്പിക്കണമെന്നും പാപ്പാ നിർദ്ദേശിച്ചു.'ജനസംഖ്യാപരമായ ശൈത്യത്തിന്റെ ഈ കാലഘട്ടത്തിൽ യുവാക്കൾ നിരുത്സാഹപ്പെടുകയും സ്വയം പിൻവാങ്ങുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഏറ്റവും പ്രതിരോധശേഷിയുള്ള ചുറ്റുപാടുകളിലേക്കും ഏറ്റവും സഹിഷ്ണുതയുള്ള ആളുകളിലേക്കും പോലും നിങ്ങളുടെ ഉത്സാഹവും സംവേദനക്ഷമതയും പ്രചരിപ്പിക്കേണ്ട സമയമാണിത്.' എല്ലാം നെഗറ്റീവ് ആയി കാണുന്ന നാശത്തിന്റെ പ്രവാചകന്മാരാൽ മയങ്ങിപ്പോകരുതെന്നും എല്ലാം ശരിയാണെന്ന് ചിന്തിക്കാൻ മാത്രം നിഷ്കളങ്കരാകരുതെന്നും പാപ്പാ മുന്നറിയിപ്പ് നൽകി.

മനുഷ്യരാശിയെക്കുറിച്ചുള്ള ദൈവത്തിന്റെ സ്നേഹനിർഭരമായ പദ്ധതിക്ക് അനുസൃതമായി ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന്, മനുഷ്യ വ്യക്തിയുടെ കേന്ദ്രീകരണം, പൊതു

നന്മ, ഐക്യദാർഢ്യം, പങ്കാളിത്തം, സമഗ്ര പരിസ്ഥിതി, സമാധാനം എന്നിവയെക്കുറിച്ചുള്ള ഉചിതമായ കാഴ്ചപ്പാട് നഷ്ടപ്പെടാതിരിക്കേണ്ടത് അത്യാവശ്യമാണ്.ഹൃദയങ്ങളെയും ലോകത്തെയും രൂപാന്തരപ്പെടുത്തുന്ന യഥാർത്ഥ ശക്തി സുവിശേഷത്തിൽ ഉണ്ടെന്നതിനാൽ പോളികോറോയ്ക്കു സ്വന്തമായുള്ള പ്രതിബദ്ധതയുടെ 'വടക്കുനോക്കിയന്ത്രം' സുവിശേഷമായിരിക്കണമെന്ന് പാപ്പാ ഓർമ്മപ്പെടുത്തി. മറ്റൊന്ന്, സഭയുടെ സാമൂഹിക പ്രബോധനമാകണം. സാമൂഹിക സിദ്ധാന്തത്തെക്കുറിച്ചുള്ള പഠനം , വർത്തമാനകാലത്തെ സ്നേഹിക്കാൻ നിങ്ങളെ അനുവദിക്കുകയും, യാഥാർത്ഥ്യത്തെ വ്യാഖ്യാനിക്കാനുള്ള അളവുകോലായിരിക്കുകയും ചെയ്യും.

**വേണം , കൂട്ടായ്മകൾ**

'ജോലി, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രീയം, ആശയവിനിമയം എന്നിവയെ പിന്തുണയ്ക്കുന്നത് ഏകാന്ത നേതാക്കളുടെ പ്രതിഭാവിലാസമല്ല. മറിച്ച് സാമൂഹിക ബന്ധങ്ങളിലെ വിദഗ്ധരാണ്.' കൂട്ടായ്മയുടെ ആവശ്യകത വിശദീകരിച്ചുകൊണ്ട് പാപ്പാ അഭിപ്രായപ്പെട്ടു. ഏവരും ഒരുമിച്ച് സ്വപ്നം കാണുകയും, പങ്കുവച്ച പാതകൾ വികസിപ്പിക്കുന്നതിന് സമയം നീക്കിവയ്ക്കുകയും, നാടിനെ സ്നേഹിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾ എല്ലാറ്റിനും രുചി നൽകുന്ന ഉപ്പിനെപ്പോലെയാകുമെന്ന് വചനം ഉദ്ധരിച്ചുകൊണ്ട് പാപ്പാ ഉദ്ബോധിപ്പിച്ചു. 'ഭാവിയുടെ ഇൻകുബേറ്റർ' ആണ് സമൂഹം. ഒറ്റപ്പെടലും മത്സരവും തീവ്രമായ ഇന്നത്തെ സംസ്കാരത്തിൽ സാമ്പത്തിക ശാസ്ത്രം, ജോലി, രാഷ്ട്രീയം, ആശയവിനിമയം എന്നിവയിൽ മിഥ്യാപ്രതിഭയുടെ കുത്തക ഭാവങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു. 'സാമൂഹിക ബന്ധങ്ങളിലെ വിദഗ്ധരെ'യാണ് വാസ്തവത്തിൽ ഈ മേഖലകൾ ആശ്രയിച്ചിരിക്കുന്നതെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. 'സമൂഹജീവിതം വളരുമ്പോൾ, സഭയിലെന്നപോലെ സമൂഹത്തിലും, ജീവിതം അഭിവൃദ്ധി പ്രാപിക്കുന്നതിനുള്ള സാഹചര്യങ്ങൾ നാം സൃഷ്ടിക്കുന്നു. സമൂഹ ശൃംഖലകളെ നിങ്ങൾ പരിപാലിക്കുമ്പോഴെല്ലാം നിങ്ങൾ ഫലഭൂയിഷ്ഠരാകും. ബുദ്ധി, കഴിവ്, അറിവ്, സാമൂഹിക സംഘടന, കഠിനാധ്വാനം എന്നിവ നല്ല ബന്ധങ്ങളിലൂടെ വികസിക്കുന്നു.'



യുവജന ശുശ്രൂഷകനായ ഇറ്റാലിയൻ പുരോഹിതൻ ഫാ. മാരിയോ ഒപ്പെർട്ടി സംഘടിത കുറ്റകൃത്യങ്ങൾ നിറഞ്ഞ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രദേശമായ മെസോജിയോർണോയിൽ 1995 ഡിസംബറിൽ രൂപം കൊടുത്തതാണ് പോളികോറോ പ്രോജക്റ്റ്. തുടക്കം മുതൽ തന്നെ, ഈ സംരംഭം തൊഴിൽ ലോകത്തെ സുവിശേഷവൽക്കരിക്കാൻ ശ്രമിച്ചു. ആദ്യം തെക്കൻ ഇറ്റലിയിലും പിന്നീട് രാജ്യമെമ്പാടും.ക്രമേണ പ്രവർത്തനം ജോലിസ്ഥലങ്ങൾക്കപ്പുറത്തേക്ക് വികസിതമായി.

**'ജീവിതം ക്രിസ്തുവിൽ '**

ലെയോ പതിനാലാമൻ പാപ്പായും വത്തിക്കാൻ ഡികാസ്റ്ററി അദ്ധ്യക്ഷന്മാരും റോമിൽ വസിക്കുന്ന കർദ്ദിനാൾമാരും ഉൾപ്പെടുന്ന സംഘത്തിന് നോർവേയിലെ ട്രോണ്ട്ഹൈം ബിഷപ്പ് മോൺസിഞ്ഞോർ എറിക് വാർഡൻ നൽകിവന്ന നോമ്പുകാല ധ്യാനം സമാപിച്ചു. സമാപന വേളയിൽ സായാഹ്ന പ്രാർത്ഥനയ്ക്ക് ശേഷം, ധ്യാന ഗുരുവിനു നന്ദിയർപ്പിച്ചുകൊണ്ട് പാപ്പാ സംസാരിച്ചു. നോമ്പുകാല യാത്രയെ സാർത്ഥകമാക്കും വിധം വളരെ പ്രധാനപ്പെട്ടതും ആഴമേറിയതുമായ ആത്മീയ അനുഭവം നൽകുന്നതായിരുന്നു ധ്യാനമെന്ന് പാപ്പാ പറഞ്ഞു. വിശുദ്ധ ബെർണാർഡിന്റെ സാക്ഷ്യവും സന്യാസ ജീവിതത്തിന്റെ അനുഭവങ്ങളും, സഭാ ജീവിതത്തിലെ മറ്റ് പല ഘടകങ്ങളും അടിസ്ഥാനമാക്കി പങ്കുവച്ച ധ്യാനചിന്തകൾ പലപ്പോഴും വ്യക്തിപരമായ പ്രതിഫലനം നടത്തുന്നതിന് തന്നെ ഏറെ സഹായിച്ചു. ധ്യാനത്തിന്റെ വേളയിൽ വിവിധ രീതിയിൽ സേവനങ്ങൾ കാഴ്ച്ചവെച്ച ഏവർക്കും പാപ്പാ നന്ദിയർപ്പിച്ചു. വാക്കുകളാൽ നമുക്ക് ചെയ്യുവാൻ സാധിക്കാത്ത അവസരത്തിൽ, കർത്താവിങ്കലേക്ക് നമ്മുടെ ആത്മാവിനെ ഉയർത്തുവാനുള്ള വഴിയാണ് ആരാധനക്രമ സംഗീതമെന്നും മോൺസിഞ്ഞോർ വാർഡന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പാപ്പാ ചൂണ്ടിക്കാട്ടി. 2025 മെയ് 8 ന് കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ്, ലിയോ പതിനാലാമൻ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം കർദിനാൾമാർക്കൊപ്പം വിശുദ്ധ ബലിയർപ്പിക്കുവാൻ ഒത്തുകൂടിയത് ധ്യാനത്തിനു വേദിയായ വിശുദ്ധ പൗലോസിന്റെ കപ്പേളയായിരുന്നുവെന്നത് പാപ്പാ അനുസ്മരിച്ചു. 'എനിക്ക്, ജീവിക്കുന്നത് ക്രിസ്തുവാണ്, മരിക്കുന്നത് നേട്ടമാണ്'എന്ന് കപ്പേളയിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട്, 'സഭയിൽ ഏവരും ചേർന്ന് വേല ചെയ്യുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നതെ'ന്ന് പാപ്പാ എടുത്തു പറഞ്ഞു. 'ആകയാൽ, ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമായ രീതിയിൽ നടക്കുക' – പാപ്പാ ആഹ്വാനം ചെയ്തു.

**അപ്പസ്തോലിക യാത്രകൾ**

കഴിഞ്ഞവർഷാവസാനം തുർക്കിയും ലെബനനും സന്ദർശിച്ചതിന്റെ അനുബന്ധമായി പുതിയ അപ്പസ്തോലികയാത്രകൾക്ക് ലെയോ പതിനാലാമൻ പാപ്പാ തയ്യാറെടുക്കുന്നു. അൾജീരിയ, കാമറൂൺ, അംഗോള, ഇക്വറ്റോറിയൽ ഗിനി, സ്പെയിൻ, മൊണാക്കോ എന്നിവിടങ്ങളിലേക്കാണ് പാപ്പാ വരും നാളുകളിൽ യാത്ര ചെയ്യുകയെന്ന് പരിശുദ്ധ സിംഹാസനത്തിന്റെ പ്രസ് ഓഫീസ് അറിയിച്ചു.

ഈ വർഷത്തെ അപ്പസ്തോലിക യാത്രകളിൽ ഏറ്റവും ആദ്യത്തേത് മൊണാക്കോയിലേക്കുള്ളതാകും. ഫ്രാൻസിസ് പാപ്പായ്ക്കും, തുടർന്ന് ലെയോ പതിനാലാമൻ പാപ്പായ്ക്കും രാജ്യത്തെ രാഷ്ട്രീയനേതൃത്വം നൽകിയ ക്ഷണത്തിന് മറുപടിയായായിരിക്കും വലിയ ആഴ്ചയ്ക്ക് മുൻപായി മാർച്ച് 28 – ന് ഉദ്ദേശിക്കുന്ന ഏകദിന യാത്ര. കത്തോലിക്കാ മതം രാജ്യത്തിന്റെ ഔദ്യോഗിക മതമായുള്ള യൂറോപ്യൻ രാജ്യമാണ് മൊണാക്കോ. സമാധാനത്തിനായുള്ള ശ്രമങ്ങളിൽ മുന്നിട്ടുനിൽക്കുന്ന മൊണാക്കോയിലേക്ക് അടുത്തിടെ




ആദ്യമായാണ് ഒരു പാപ്പാ യാത്ര ചെയ്യുന്നത്. ആഫ്രിക്കയിലെ അൾജീരിയ, കാമറൂൺ, അംഗോള, ഇക്വറ്റോറിയൽ ഗിനി എന്നീ രാജ്യങ്ങളിലേക്കുള്ള പത്തു ദിവസങ്ങൾ നീളുന്ന യാത്രയാകും 2026-ലെ അപ്പസ്തോലിക യാത്രകളിൽ ഏറ്റവും ദൈർഘ്യമേറിയത്. ഏപ്രിൽ 13 മുതൽ 23 വരെ. അൾജീരിയയിലെ അൾജീരി, അന്നാബ എന്നിവിടങ്ങളും കാമറൂണിൽ യൗണ്ടേ, ബമേണ്ട, ദൂവാല എന്നിവിടങ്ങളും അംഗോളയിൽ ലുവാണ്ട, മുക്സിമ, സൗരിമോ എന്നിവിടങ്ങളും ഇക്വറ്റോറിയൽ ഗിനിയിൽ മലാബോ, മോങ്കോമോ, ബാത്ത എന്നിവിടങ്ങളുമാകും പാപ്പാ സന്ദർശിക്കുക.


## സമാധാനം മുഖ്യവിഷയം

പത്രോസിന്റെ പിൻഗാമിയുമായി ബന്ധമുള്ള വിശുദ്ധ അഗസ്റ്റിന്റെ കാൽപ്പാടുകൾ പിഞ്ചെന്നുള്ള ഈ യാത്രയിൽ, സമാധാനം പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്നായിരിക്കും. വടക്കൻ കാമറൂണിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കപ്പെടുന്ന ചില ഭാഗങ്ങളിൽ കഴിഞ്ഞ പത്തു വർഷങ്ങളോളമായി ആഭ്യന്തരയുദ്ധം തുടരുന്നുണ്ട്. ഈ യാത്രയുടെ അവസാന ദിവസങ്ങളിൽ സന്ദർശനം നടത്തുന്ന ഇക്വറ്റോറിയൽ ഗിനിയിൽ സ്പാനിഷ് ഭാഷയാണ് സംസാരിക്കുന്നത്. 1985-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ, ആഫ്രിക്കയിൽ പതിനൊന്ന് ദിവസങ്ങൾ കൊണ്ട് ഏഴ് രാജ്യങ്ങൾ സന്ദർശിച്ചിരുന്നു.

## സ്പെയിനിലേക്ക്

2026-ലെ മൂന്നാമത് അപ്പസ്തോലിക യാത്ര സ്പെയിനിലേക്കുള്ളതായിരിക്കും. ജൂൺ ആറ് മുതൽ പന്ത്രണ്ട് വരെ തീയതികളിലായി നടക്കുന്ന ഈ യാത്രയിൽ പാപ്പാ ആദ്യമെത്തുക തലസ്ഥാനമായ മാഡ്രിഡിലാകും. തുടർന്ന്, ബാർസലോണയിലുള്ള തിരുക്കുടുംബദേവാലയത്തിന്റെ ഉയരമേറിയ ഗോപുരം ഉദ്ഘാടനം ചെയ്യും. ഈ ദേവാലയത്തിന്റെ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച ആന്റണി ഗൗദിയുടെ മരണത്തിന്റെ നൂറാം വർഷത്തിലാണ് പാപ്പാ ഇവിടെയെത്തുന്നത് എന്ന ഒരു പ്രത്യേകത കൂടി ഇത്തവണത്തെ അപ്പസ്തോലിക യാത്രയ്ക്കുണ്ട്.ആന്റണി ഗൗദി കഴിഞ്ഞ വർഷം ധന്യനായി പ്രഖ്യാപിക്കപ്പെട്ടു. സ്പെയിനിലേക്കുള്ള യാത്രയുടെ ഭാഗമായി കാനറി ദ്വീപുകളും പാപ്പാ സന്ദർശിക്കും. ഫ്രാൻസിസ് പാപ്പായുടെ ആഗ്രഹപൂർത്തീകരണം കൂടിയാകുന്ന ഈ സന്ദർശനത്തിൽ തെനെറീഫ്, ഗ്രാൻഡ് കാനറി എന്നിവിടങ്ങളിൽ പാപ്പാ എത്തും. ഏറെ പ്രത്യേകതകളുള്ള മൂന്ന് അപ്പസ്തോലിക യാത്രകളാണ് പരിശുദ്ധ സിംഹാസനം നിലവിൽ അറിയിച്ചിരിക്കുന്നത്. ക്രൈസ്തവർ ന്യൂനപക്ഷമായ ഒരു ഇസ്ലാമിക രാജ്യമായ അൾജീരിയ തുടങ്ങി, ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ മദ്ധ്യത്തിൽ, ക്രൈസ്തവഭൂരിപക്ഷമുള്ള രാജ്യങ്ങളിലേക്ക് വരെയായിരിക്കും യാത്ര. ലോകത്തിലെ രണ്ടാമത്തെ ചെറിയ രാജ്യത്തേക്കും, ലോകത്തെ ഏറ്റവും ചെറിയ രാജ്യത്തുനിന്നെത്തുന്ന പാപ്പാ യാത്ര ചെയ്യും. കാനറി ദ്വീപുകൾ യൂറോപ്പിലേക്കുള്ള കുടിയേറ്റവുമായി ബന്ധപ്പെട്ട് ഏറെ പ്രശസ്തമാണ്. വർഷം തോറും ആയിരക്കണക്കിന് കപ്പലുകളിലാണ് ആഫ്രിക്കൻ പ്രദേശങ്ങളിൽനിന്നുള്ള കുടിയേറ്റക്കാർ ഇവിടേക്ക് എത്തുന്നത്. ❍

# CONGREGATION OF THE SISTERS OF NAZARETH



നസ്രത്തിലെ തിരുക്കുടുംബത്തിലെ പ്രാർഥനയും
പ്രയത്നവും ജീവിതശൈലിയാക്കി ദൈവത്തിനും
രാജ്യത്തിനുമായി സമർപ്പണം ചെയ്യുവാൻ...
തകരുന്ന കുടുംബങ്ങളെ സ്വർഗീയമാക്കുവാൻ...
നസ്രത്ത് സന്യാസിനി സമൂഹത്തിന്റെ
സെന്റ് ജോസഫ്സ് പ്രോവിൻസിലേക്ക് സ്വാഗതം.

**പോരുന്നോ എന്റെ കൂടെ നസ്രത്തിലെ**
**നാലാമത്തെ അംഗമാകാൻ**

80868 02995, 94978 04995 *Nazareth hymns*



# വിവിധ സംസ്കാരങ്ങളിലെ വചനത്തിന്റെ വിത്തുകളെ തിരിച്ചറിയൂ : പാപ്പ

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

**SPECIAL REPORT**



**വത്തിക്കാൻ സിറ്റി:** ക്രൈസ്തവവിശ്വാസത്തിന്റെ സാംസ്കാരിക അനുരൂപണം വ്യക്തമാക്കുന്ന വിശ്വസനീയ മാതൃകയും, സഭയുടെ സുവിശേഷപ്രഘോഷണ ദൗത്യത്തിനുള്ള അളവുകോലുമാണ് ഗ്വാദലൂപ്പെയിൽ കാണാനാകുന്നതെന്ന് ലിയോ പതിനാലാമൻ പാപ്പാ. ഗ്വാദലൂപ്പെ മാതാവിന്റെ പ്രത്യക്ഷീകരണവുമായി ബന്ധപ്പെട്ട് മധ്യ അമേരിക്കൻ രാജ്യമായ മെക്സിക്കോയുടെ മെക്സിക്കോ നഗരത്തിൽ നടന്ന ദൈവശാസ്ത്ര–അജപാലന കോൺഗ്രസിലേക്കയച്ച സന്ദേശത്തിലാണ് പാപ്പാ ഇങ്ങനെ അഭിപ്രായപ്പെട്ടത്.

അഞ്ഞൂറോളം വർഷങ്ങൾക്ക് മുൻപ് വിശുദ്ധ ഹ്വാൻ ദിയേഗോ തെപെയാക്ഹിൽ എന്നയാൾക്ക് പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണങ്ങൾ ഉണ്ടായതുമായി ബന്ധപ്പെട്ട ജൂബിലിക്കൊരുക്കമായി, തെക്കേ അമേരിക്കയയ്ക്കായുള്ള പൊന്തിഫിക്കൽ കമ്മീഷനും മെക്സിക്കോയിലെ മെത്രാൻസമിതിയും നൈറ്റ്സ് ഓഫ് കൊളംബസ്, പൊന്തിഫിക്കൽ മരിയൻ അക്കാദമി എന്നീ പ്രസ്ഥാനങ്ങളും ചേർന്നാണ് ദൈവശാസ്ത്ര–അജപാലന സമ്മേളനം നടത്തിയത്.ഇതുമായി ബന്ധപ്പെട്ട് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന മാർഗ്ഗത്തെക്കുറിച്ച് വിചിന്തനം





ചെയ്യുന്നതിന്റെ പ്രാധാന്യം പാപ്പാ ഓർമ്മിപ്പിച്ചു. തിടുക്കത്തിലല്ലാതെ, സാവധാനത്തിൽ ചരിത്രത്തിലേക്ക് കടന്നുവന്ന് മനുഷ്യന്റെ വ്യക്തിപരമായ സ്വാതന്ത്ര്യവുമായി സംവാദത്തിലേർപ്പെട്ടാണ് യേശുക്രിസ്തു തന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തുന്നത്. ഈയൊരു ക്രിസ്തുവിനെ മറ്റുള്ളർക്ക് മുന്നിൽ സമീപസ്ഥനും, സമീപിക്കാവുന്നവനുമാക്കി അവതരിപ്പിക്കുകയാണ് സുവിശേഷവത്കരണം – പാപ്പാ ഉദ്ബോധിപ്പിച്ചു.സുവിശേഷം അതിന്റെ പൂർണ്ണത കാത്തുസൂക്ഷിച്ചും പുതുമ നിലനിർത്തിയും നിർബന്ധം കൊണ്ടല്ലാതെ പ്രഘോഷിക്കാമെന്നതാണ് വിശുദ്ധ ഹുവാൻ ദിയേഗോ തെപെയാക് ഹില്ലിനുണ്ടായ പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണവുമായി ബന്ധപ്പെട്ട സംഭവം വ്യക്തമാക്കുന്നതെന്ന് പാപ്പാ വിശദീകരിച്ചു.ഗ്വാദലൂപ്പെയുമായി ബന്ധപ്പെട്ട സംഭവങ്ങളിലെ ദൈവശാസ്ത്രപരമായ ഉള്ളടക്കം പരിശോധിക്കുവാനും അതിനെ കൂടുതൽ മനസ്സിലാക്കാനുമുള്ള ശ്രമങ്ങൾ, സുവിശേഷത്തെ മനസ്സിലാക്കാനുള്ള ശ്രമങ്ങളോട് ചേർന്നുപോകുന്നു. ഏതെങ്കിലും ഒരു സംസ്കാരത്തെ ഏറ്റവും ശ്രേഷ്ഠമായി ഉയർത്തിക്കാട്ടുകയോ ഏതെങ്കിലും സംസ്കാരങ്ങളെ അവഗണിക്കുകയോ താഴ്ത്തിക്കാട്ടുകയോ ചെയ്യുന്നതല്ല ആധികാരികമായ സാംസ്കാരിക അനുരൂപണം കൊണ്ട് കത്തോലിക്കാസഭ ഉദ്ദേശിക്കുന്നതെന്നാണ് ഗ്വാദലൂപ്പെ വ്യക്തമാക്കുന്നതെന്ന് പാപ്പാ എഴുതി. സംസ്കാരങ്ങളെ ശുദ്ധീകരിക്കുകയും, ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിന്റെ ഇടങ്ങളാക്കി അവയെ മാറ്റുകയുമാണ് സാംസ്കാരിക അനുരൂപണം കൊണ്ട് നാം മനസ്സിലാക്കുന്നത്. സംസ്കാരങ്ങളിൽ നിലനിൽക്കുന്ന 'വചനത്തിന്റെ വിത്തിനെ' തിരിച്ചറിയുക എന്നതിന്റെ പ്രാധാന്യവും പാപ്പാ പ്രത്യേകം അനുസ്മരിച്ചു.

## നിരീശ്വരവാദിയോട്

ദൈവത്തെ സ്നേഹിക്കുകയും അവനെ ഹൃദയപൂർവ്വം തേടുകയും ചെയ്യുന്ന ഒരാൾക്കും നിരീശ്വരവാദിയായിരിക്കാൻ സാധിക്കില്ലെന്ന് ലെയോ പതിനാലാമൻ പാപ്പാ. സ്വയം നിരീശ്വരവാദിയെന്ന് കരുതുകയും എന്നാൽ ദൈവത്തെ തേടുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്യുന്നുവെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ കത്തിന്, 'വിശുദ്ധ പത്രോസിന്റെ ചത്വരം' എന്ന മാസികയുടെ ഫെബ്രുവരി ലക്കത്തിലൂടെ മറുപടി നൽകവേയാണ്, ഒരേ സമയം ദൈവത്തെ

തേടാനും സ്നേഹിക്കാനും അതേസമയം നിരീശ്വരവാദിയായിരിക്കാനും സാധിക്കില്ലെന്ന് പാപ്പാ ഓർമ്മിപ്പിച്ചത്. 'ദൈവത്തെ സ്നേഹിക്കുന്ന ഒരു നിരീശ്വരവാദി' എന്ന തലക്കെട്ടോടെയുള്ള തന്റെ കവിത ഉൾപ്പെടുത്തിക്കൊണ്ട്, വിശ്വാസവുമായി ബന്ധപ്പെട്ട് സംശയ നിവാരണത്തിനായി കത്തെഴുതിയ തെക്കൻ ഇറ്റലിയിലെ റേജ്ജ്യോ കലാബ്രിയ എന്നയിടത്തുനിന്നുള്ള റോക്കോ എന്ന വ്യക്തിക്ക് വിശുദ്ധ അഗസ്റ്റിൻ എഴുതിയ 'കുമ്പസാരങ്ങൾ' എന്ന കൃതിയിലെ ഒരു ചിന്ത പങ്കുവച്ചുകൊണ്ടാണ് പാപ്പാ മറുപടി നൽകിയത്. 'നീ എന്നിലായിരുന്നു, ഞാൻ പുറത്തും. അവിടെ ഞാൻ നിന്നെ തേടുകയായിരുന്നു' എന്ന വിശുദ്ധന്റെ വാചകം ഉദ്ധരിച്ച പാപ്പാ, ദൈവത്തെ തേടുകയെന്നതാണ് വിശ്വാസജീവിതത്തിൽ പ്രധാനപ്പെട്ടതെന്ന ആശയം നിരവധി ദൈവശാശ്ത്രജ്ഞർ അടുത്തിടെ പങ്കുവച്ചിരുന്നുവെന്ന് ഓർമ്മിപ്പിച്ചു. അവനെ അന്വേഷിക്കുക വിശ്വാസത്തിന്റെ പ്രധാന പ്രശ്നം ദൈവത്തിൽ വിശ്വസിക്കുക എന്നതോ വിശ്വസിക്കാതിരിക്കുക എന്നതോ അല്ല, മറിച്ച് അവനെ അന്വേഷിക്കുക എന്നതാണെന്ന് പാപ്പാ എഴുതി. തന്നെ തേടുന്ന ഹൃദയത്തിന് മുന്നിൽ തന്നെത്തന്നെ വെളിവാക്കുന്നവനാണ് ദൈവം. അതുകൊണ്ടുതന്നെ, വിശ്വാസികൾ അവിശ്വാസികൾ എന്ന രീതിയിലുള്ള വിഭജനത്തേക്കാൾ ദൈവത്തെ തേടുന്നവരും ദൈവത്തെ തേടാത്തവരും എന്ന വിഭജനമാകാം കൂടുതൽ ശരിയായിട്ടുള്ളത്.റോക്കോയുടെ വാക്കുകൾ പരാമർശിച്ചുകൊണ്ട്, ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് കരുതുകയും അവന്റെ മുഖം തേടാതെയും അവനെ സ്നേഹിക്കാതെയും ഇരിക്കുന്ന വ്യക്തികൾ ഉണ്ടാകാമെന്നും എന്നാൽ അതേസമയം ദൈവത്തിൽ വിശ്വസിക്കുന്നില്ലെന്ന് ചിന്തിക്കുകയും ദൈവത്തിന്റെ തിരുമുഖത്തിനായി ആർദ്രതയോടെ തേടുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നവരും ഉണ്ടാകാമെന്നും പാപ്പാ ഓർമ്മിപ്പിച്ചു. നാമെല്ലാവരും സ്നേഹത്തിനായി ദാഹിക്കുന്നവരും ദൈവത്തെ തേടുന്നവരുമാണെന്നും ഇവിടെയാണ് നമ്മുടെ ജീവിതത്തിന്റെ അന്തസ്സും മനോഹാരിതയും അടങ്ങിയിരിക്കുന്നതെന്നും രേഖപ്പെടുത്തിയാണ് പാപ്പാ തന്റെ കത്ത് അവസാനിപ്പിച്ചത്. 'വിശുദ്ധ പത്രോസിന്റെ ചത്വരം' എന്ന മാസികയിലൂടെ വിശ്വാസജീവിതമുൾപ്പെടെ വിവിധ വിഷയങ്ങളിലുള്ള വായനക്കാരുടെ ചോദ്യങ്ങൾക്ക് പാപ്പാ പതിവായി ഉത്തരം നൽകാറുണ്ട്. ❍






## എറണാകുളം - അങ്കമാലി അതിരൂപത

# ദൈവവിളി ക്യാമ്പ്

## തിരുഹൃദയ മൈനർ സെമിനാരി, തൃക്കാക്കര




# ഏപ്രിൽ 7 8

(ചൊവ്വ, ബുധൻ)

"യേശു അവരോട് പറഞ്ഞു: എന്നെ അനുഗമിക്കുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും"

**[മർക്കോസ് 1:17]**

## വൈദികരാകാൻ ആഗ്രഹിക്കുന്ന

## 10th / 12th / Degree യോഗ്യത ഉള്ളവർക്ക് സ്വാഗതം!

## 9744 876 897 9061 162 802

ഫാ. ജെറിൽ കുരിശിങ്കൽ



# ഒറ്റപ്പെടലിന്റെ മുറിവുണക്കാൻ, യുവതയുടെ അരികിലെത്തൂ

SPECIAL REPORT

ഡോ. എഡ്‌വേർഡ് എടേഴത്ത്
യു. എസ്. എ.



**വത്തിക്കാൻ സിറ്റി:** റോമൻ രൂപതയിലെ വൈദികരുമായി ലിയോ പതിനാലാമൻ പാപ്പാ നടത്തിയ കൂടികാഴ്ച്ചാവേളയിൽ വൈദികരുടെ ചോദ്യങ്ങൾക്ക് പാപ്പാ പിതൃസഹജമായ വാത്സല്യത്തോടെ മറുപടി നൽകി. വൈദികരുടെ അജപാലനശുശ്രൂഷയുടെ പ്രാധാന്യം പാപ്പാ എടുത്തു പറഞ്ഞു. ഏറെ മുറിവുകൾ അനുഭവിക്കുന്ന കുടുംബ പശ്ചാത്തലങ്ങളിൽ ജീവിക്കുന്ന യുവജനങ്ങൾക്ക് വേണ്ടിയുള്ള അജപാലന ശുശ്രൂഷയിൽ എപ്രകാരം ഫലപ്രദമായി ഇടപെടുവാൻ സാധിക്കും എന്നുള്ള ഒരു വൈദികന്റെ ചോദ്യത്തിന് മറുപടി നൽകവേയാണ്, പാപ്പാ യുവജന ശുശ്രൂഷയിൽ, യുവാക്കളായ വൈദികർക്ക് വഹിക്കാവുന്ന വളരെ പ്രധാനപ്പെട്ട പങ്ക് ചൂണ്ടിക്കാട്ടിയത്. നമ്മുടെ സമൂഹം ഏറെ മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ടെന്നും എന്നാൽ അതിനെ ഇല്ലായ്മ ചെയ്യുവാൻ നമുക്ക് സാധിക്കില്ലെന്നും പറഞ്ഞ പാപ്പാ, നമ്മുടെ കണ്ണുകൾ തുറന്നുകൊണ്ട്,ഇന്നത്തെ യുവജനത നേരിടുന്ന വെല്ലുവിളികളെ മനസിലാക്കണമെന്ന് എടുത്തു പറഞ്ഞു. മാതാപിതാക്കളുടെ അഭാവം, വിവാഹമോചിതരായ അല്ലെങ്കിൽ പുനർവിവാഹം ചെയ്ത മാതാപിതാക്കൾ എന്നിങ്ങനെയുള്ള കുടുംബ സാഹചര്യങ്ങളിൽ, യുവാക്കൾ അനുഭവിക്കേണ്ടിവരുന്ന ഏകാന്തതയുടെ ബുദ്ധിമുട്ടുകൾ ഇന്നത്തെ ലോകത്തിന്റെ യാഥാർഥ്യങ്ങളാണെന്നും, അതിനാൽ പുരോഹിതനെ സംബന്ധിച്ചിടത്തോളം ഈ യുവാക്കളെ അനുഗമിക്കുക എന്നതിനർത്ഥം അവരുടെ



യാഥാർത്ഥ്യം അറിയുക അവരോട് അടുത്തായിരിക്കുക എന്നതാണെന്നും പാപ്പാ പറഞ്ഞു. ഒരു യുവ പുരോഹിതന് യുവാക്കൾക്ക് ഒരു ജീവിത മാതൃക നൽകാൻ കഴിയും.അതിനാൽ യേശുവിനെ സുഹൃത്താക്കുന്നതു മൂലം ജീവിതത്തെ യഥാർത്ഥത്തിൽ സമ്പന്നമാക്കുവാൻ സാധിക്കുമെന്നത് വൈദികർ കാട്ടിക്കൊടുക്കണമെന്നു പാപ്പാ പറഞ്ഞു. 'ഇതിനർത്ഥം പുരോഹിതൻ തന്നെ ചെറുപ്പമായാലും അല്ലെങ്കിലും യേശുവുമായുള്ള സൗഹൃദത്തിന്റെ ജീവിതം നയിക്കുന്നു എന്നാണ്, ഈ യുവാക്കൾക്ക് ഒരു മാതൃക മാത്രമല്ല അവരുടെ ജീവിതത്തെ മാറ്റിമറിക്കാൻ കഴിയുന്ന ഒരു ജീവിതാനുഭവവും നൽകുന്നു'– പാപ്പാ കൂട്ടിച്ചേർത്തു.ഇന്ന് പലപ്പോഴും ഭയാനകമായ ജീവിതം, മയക്കുമരുന്നിന് അടിമത്തം , കുറ്റകൃത്യങ്ങൾ, അക്രമം, ബുദ്ധിമുട്ടുകൾ, ഒറ്റപ്പെടൽ എന്നിവയിൽ നിന്നും യുവജനതയെ വീണ്ടെടുക്കുവാൻ, വൈദികരുടെ സമയവും ത്യാഗവും ധ്യാനവും ഏറെ ആവശ്യമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. യുവാക്കളെ തേടി, വൈദികർ അവർ ആയിരിക്കുന്ന സാഹചര്യങ്ങളിലേക്ക് ഇറങ്ങി ചെല്ലണമെന്നും കായിക വിനോദങ്ങൾ പോലെയുള്ള വ്യത്യസ്ത വഴികളും പ്രവർത്തനങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് അവരെ സൗഹൃദത്തിലേക്കും തുടർന്ന് കൂട്ടായ്മയിലേക്കും നയിക്കണമെന്നും പാപ്പാ പറഞ്ഞു.യഥാർത്ഥ മനുഷ്യബന്ധങ്ങളുടെ സമ്പന്നതയും മൂല്യവും അറിയാതെ മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കുന്നവരാണ് ഇന്നത്തെ യുവജനത. അവർക്കു മറ്റൊരു തരത്തിലുള്ള സൗഹൃദത്തിന്റെയും പങ്കിടലിന്റെയും ക്രമേണ കൂട്ടായ്മയുടെയും അനുഭവം നൽകാനുള്ള വഴികൾ വൈദികരെന്ന നിലയിൽ കണ്ടെത്തേണ്ടതിന്റെ ആവശ്യകത പാപ്പാ ഓർമ്മപ്പെടുത്തി.

**സമാധാന ആഹ്വാനം**

ഉക്രൈനെതിരായ യുദ്ധം ആരംഭിച്ച് നാല് വർഷങ്ങൾക്ക് ശേഷവും, നാടകീയമായി തുടരുന്ന ജീവിതാവസ്ഥകളെ എടുത്തു പറഞ്ഞുകൊണ്ട്, ലെയോ പതിനാലാമൻ പാപ്പാ സമാധാനത്തിനായുള്ള തന്റെ ആഹ്വാനം പുതുക്കി. 'എത്രയോ ഇരകൾ, എത്രയോ ജീവിതങ്ങളും കുടുംബങ്ങളും തകർന്നു! എത്രയോ നാശം! എത്രയോ പറഞ്ഞറിയിക്കാനാവാത്ത കഷ്ടപ്പാടുകൾ...' ഈ വാക്കുകളോടെയാണ്, ഫെബ്രുവരി ഇരുപത്തിരണ്ടാം തീയതി വത്തിക്കാനിൽ നയിച്ച മധ്യാഹ്നപ്രാർത്ഥനയ്ക്കു ശേഷം പാപ്പാ യുദ്ധത്തിന്റെ ഭീകരതയെ എടുത്തു കാണിച്ചത്. 'വാസ്തവത്തിൽ ഓരോ യുദ്ധവും മുഴുവൻ മനുഷ്യ കുടുംബത്തിനും ഏൽപ്പിക്കുന്ന മുറിവാണ്: അത് മരണവും നാശവും തലമുറകളെ അടയാളപ്പെടുത്തുന്ന വേദനയുടെ ഒരു പാത മാത്രമാണ് അവശേഷിപ്പിക്കുന്നത്", പാപ്പാ പറഞ്ഞു. തുടർന്ന്

സമാധാനത്തിനു വേണ്ടിയുള്ള അഭ്യർത്ഥനകളും പാപ്പാ നടത്തി. സമാധാനം ഒരു അടിയന്തിരമായ ആവശ്യമാണെന്നും അതിനു ഹൃദയങ്ങളിൽ ഇടം കണ്ടെത്തുകയും ഉത്തരവാദിത്തമുള്ള തീരുമാനങ്ങളിലേക്ക് വിവർത്തനം ചെയ്യുകയും വേണമെന്നും പാപ്പാ ആവശ്യപ്പെട്ടു. ആയുധങ്ങളെ നിശബ്ദമാക്കുവാനും ബോംബ് സ്ഫോടനങ്ങൾ അവസാനിപ്പിക്കുവാനും കാലതാമസമില്ലാതെ വെടിനിർത്തൽ പ്രാബല്യത്തിൽ വരുത്തുവാനും അപ്രകാരം, സമാധാനത്തിലേക്കുള്ള വഴി തുറക്കുന്നതിന് സംഭാഷണം ശക്തിപ്പെടുത്തുവാനും പാപ്പാ അഭ്യർത്ഥിച്ചു. രക്തസാക്ഷികളായ ഉക്രൈൻ ജനതയെ പരാമർശിച്ച പാപ്പാ അവർക്കുവേണ്ടിയും മറ്റു ഇടങ്ങളിലും യുദ്ധത്തിന്റെ കെടുതി അനുഭവിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിച്ചു.

**സമർപ്പിത ദൗത്യം**

ഓരോ സന്യാസസഭകളുടെയും ചരിത്രം വിഭിന്നങ്ങളാണെങ്കിലും, മിഷനറി ദൗത്യത്തിൽ അവയുള്ള സമാനതകൾ ശ്രദ്ധേയമാണെന്ന് ലെയോ പതിനാലാമൻ പാപ്പാ. മിഷനറി ഒബ്ളെറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭയുടെ നിയമങ്ങളും ഭരണഘടനകളും അംഗീകരിച്ചതിന്റെ 200–ാം വാർഷികത്തോടനുബന്ധിച്ചും, സിസ്റ്റേഴ്സ് ഓഫ് ഔവർ ലേഡി ഓഫ് അപ്പോസൽസ് സഭയുടെ 150 മത് സ്ഥാപക വാർഷികത്തോടനുബന്ധിച്ചും അനുവദിച്ച കൂടിക്കാഴ്ച്ചയിലെ സന്ദേശത്തിലാണ് പാപ്പാ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. സങ്കീർണ്ണവും നാടകീയവുമായ സംഭവങ്ങളാൽ യൂറോപ്പ് കലുഷിതമായ അവസരത്തിൽ എല്ലാവരാലും അവഗണിക്കപ്പെട്ട് കേവലം അധ്വാനസ്രോതസ്സായി മാത്രം കണ്ടുകൊണ്ട് ചൂഷണത്തിന് വിധേയരായ ദരിദ്രരുടെയും തൊഴിലാളികളുടെയും കർഷകരുടെയും അന്തസ്സ് സംരക്ഷിക്കുന്നതിനായി ഒബ്ളെറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭയുടെ സ്ഥാപകനായിരുന്ന വിശുദ്ധ എവുജിൻ ദേ മസേനോദ് നടത്തിയ പരിശ്രമങ്ങളെ പാപ്പാ അനുസ്മരിച്ചു. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളോടുള്ള അനുസരണയും, കാരുണ്യപ്രവർത്തനങ്ങളുടെ ആവശ്യങ്ങളോടുള്ള ശ്രദ്ധയും എല്ലാ സഭകളുടെയും വളർച്ചയ്ക്ക് ഏറെ ആവശ്യമാണെന്നുള്ള വിശുദ്ധന്റെ വാക്കുകൾ പാപ്പാ എടുത്തു പറഞ്ഞു. ഒരു അമ്മയെന്ന നിലയിൽ സഭയെ സ്നേഹിക്കണമെന്നും, സമർപ്പിതരുടെ മിഷനറി തീക്ഷ്ണതയും ജീവിത സമർപ്പണവും ആരും ഇതുവരെ എത്തിച്ചേരാത്ത അതിർത്തികൾക്കപ്പുറം ദരിദ്രരായവർക്കുവേണ്ടിയുള്ള സേവനത്തിലേക്ക് നയിക്കണമെന്നുമുള്ള ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ലിയോ പതിനാലാമൻ പാപ്പാ ഓർമ്മിപ്പിച്ചു. തുടർന്ന്, സിസ്റ്റേഴ്സ് ഓഫ് ഔവർ ലേഡി ഓഫ് അപ്പോസൽസ് സഭയുടെ ആഫ്രിക്കൻ മിഷനുകളിലുള്ള സേവനങ്ങളെ പാപ്പാ അഭിനന്ദിച്ചു.പ്രയാസകരമായ സാഹചര്യങ്ങളിൽ എപ്പോഴും സന്നിഹിതരായ, സഹോദരിമാരുടെ തീക്ഷ്ണതയെ അനുസ്മരിപ്പിച്ച പാപ്പാ സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും കൂടുതൽ ആധികാരിക സാക്ഷികളായി



മാറുവാൻ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകൾ ഓർമ്മിപ്പിച്ചു. ഇരുസഭകളുടെയും സ്ഥാപകരുടെ പ്രചോദനത്തെ ഒന്നിപ്പിക്കുന്ന വസ്തുത കുടുംബാത്മകമായ അന്തരീക്ഷം സഭയിൽ വളർത്തുക എന്നതാണ്. ദൈവവുമായുള്ള കണ്ടുമുട്ടലുകളിൽ നിന്നും വിശുദ്ധ കുർബാനയിൽ നിന്നും പ്രാർത്ഥനയിൽ നിന്നും ആരാധനയിൽ നിന്നും വചനം കേൾക്കുന്നതിൽ നിന്നും കൂദാശകളുടെ ആഘോഷത്തിൽ നിന്നും ഈ കുടുംബ അന്തരീക്ഷം ഊട്ടിയുറപ്പിക്കണം. കൂട്ടായ്മയുടെയും വാത്സല്യത്തിന്റെയും ശ്രദ്ധയുടെയും ക്ഷമയുടെയും അടുപ്പത്തിന്റെയും വികാരങ്ങൾ കുടുബത്തിനുള്ളിൽ എപ്പോഴും നിലനിർത്തുവാൻ അംഗങ്ങൾ പരിശ്രമിക്കണമെന്നും പാപ്പാ ഓർമ്മപ്പെടുത്തി.

## പരിശുദ്ധാത്മ സ്വരം

ജനറൽ ചാപ്റ്ററിന്റെ ഭാഗമായി റോമിലെത്തിയ ലീജനറീസ് ഓഫ് ക്രൈസ്റ്റ് കോൺഗ്രിഗേഷനിലെ അംഗങ്ങൾക്ക് ലെയോ പതിനാലാമൻ പാപ്പാ വത്തിക്കാനിൽ കൂടിക്കാഴ്ച അനുവദിച്ചു. പരിശുദ്ധാത്മാവിന്റെ ദാനമായി ലഭിക്കുന്ന സിദ്ധികൾ ശരിയായി ജീവിക്കേണ്ടതിന്റെയും പങ്കുവയ്ക്കൽ മനോഭാവത്തിന്റെയും ശുശ്രൂഷാപരമായ അധികാരത്തിന്റെയും ചിന്തകൾ തൽസമയം തന്റെ പ്രഭാഷണത്തിൽ പങ്കുവച്ചു. വിചിന്തനത്തിനും പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കാനുമുള്ള സവിശേഷമായ സമയമാണ് ജനറൽ ചാപ്റ്ററിന്റേത്. പരിശുദ്ധാത്മാവാണ് സഭാസമൂഹങ്ങളെ നയിക്കുന്നതെന്നും, മുഴുവൻ സഭയ്ക്കും വേണ്ടി ദൈവത്തിൽനിന്ന് ലഭിച്ച തങ്ങളുടെ പ്രത്യേകമായ സിദ്ധികളോട് വിശ്വസ്തത പുലർത്തിക്കൊണ്ട് മുന്നോട്ട് പോകാൻ ശക്തി നൽകുന്നതെന്നും പാപ്പ ഓർമ്മിപ്പിച്ചു.ബുദ്ധിമുട്ടുകളും വേദനകളും അപമാനങ്ങളും നിറഞ്ഞ നിമിഷങ്ങളുൾപ്പെടെ നിരവധി അനുഭവങ്ങളിലൂടെയും വഴികളിലൂടെയും ചരിത്രപരമായി തങ്ങളിലേക്ക് എത്തിച്ചേർന്ന പ്രത്യേക നിയോഗങ്ങളുടെയും സിദ്ധികളുടെയും അവകാശികളും പിന്തുടർച്ചക്കാരുമെന്ന നിലയിൽ, ഭൂതകാലത്തെക്കുറിച്ച് ചിന്തിക്കാൻ മാത്രമല്ല സുവിശേഷത്തോടുള്ള വിശ്വസ്തതയിൽ തുടർച്ചയായ നവീകരണത്തിന് ഏവരെയും പ്രേരിപ്പിക്കുന്ന ഒരു സമയം കൂടിയാണ് ജനറൽ ചാപ്റ്ററിന്റേത്. പരിശുദ്ധാത്മാവിന്റെ ദാനമായി കോൺഗ്രിഗേഷന് ലഭിച്ചിട്ടുള്ള പ്രത്യേക സിദ്ധികൾ ഓരോ അംഗങ്ങളും വ്യക്തിപരമായും സമൂഹപരമായും സ്വന്തമാക്കാനും ജീവിക്കാനും ഉള്ള ചുമതലയും പാപ്പാ തന്റെ പ്രഭാഷണത്തിൽ അനുസ്മരിച്ചു. സഭയുടെയും സമൂഹത്തിന്റെയും ഭാഗമായ വ്യക്തികൾ എന്ന നിലയിൽ, ക്രിസ്തുരാജ്യത്തിനുള്ള സംഭവനയായി തങ്ങളുടെ വ്യക്തിത്വം അനുദിനം ആഴപ്പെടുത്തിയും നവീകരിച്ചും മുന്നോട്ട് പോകണം. സന്ന്യസ്തസമൂഹങ്ങളിൽ ഉണ്ടാകേണ്ട സഹകരണത്തിന്റെയും പരസ്പരശ്രവണത്തിന്റെയും പ്രാധാന്യവും പാപ്പാ പരാമർശിച്ചു. തുറന്ന മനോഭാവത്തോടെയുള്ള പങ്കുവയ്ക്കലിന്റെയും എളിമയുടെയും ആവശ്യകതയും ഓർമ്മിപ്പിച്ചു. സമർപ്പിതസമൂഹജീവിതത്തിൽ അധികാരത്തിന്റെ സ്വഭാവം അധിപത്യത്തിന്റേതല്ല, ശുശ്രൂഷയുടേതായിരിക്കണം. കോൺഗ്രിഗേഷന്റെ പ്രത്യേക സിദ്ധികളുടെ ഉടമകളല്ല കാവൽക്കാരും ശുശ്രൂഷകരുമാകാനുള്ള വിളിയെക്കുറിച്ചും പാപ്പാ പരാമർശിച്ചു. വ്യക്തികളുടെ അന്തസ്സും സ്വാതന്ത്ര്യവും ഹനിക്കുന്ന തരത്തിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. ഒരേ വിളി പങ്കിടുന്നവർ എന്ന നിലയിൽ ആദ്ധ്യാത്മിക, സാഹോദര്യ ശുശ്രൂഷയാണ് അധികാരികൾക്ക് നൽകപ്പെട്ടിരിക്കുന്നതെന്ന് പാപ്പാ കൂട്ടിച്ചേർത്തു. ❍

# Join the Salvatorian Family!

## Be a Missionary!

Experience universality, grow in faith, serve humanity.



## സാൽവേറ്റോറിയൻ കുടുംബത്തിലേക്ക് സ്വാഗതം!

സാൽവറ്റേറിയൻ സഭയിൽ ചേർന്ന്
ഒരു പുരോഹിതനായി സമൂഹത്തിനും
രാജ്യത്തിനുമായി ജീവിക്കുവാൻ
ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു.

സാൽവേറ്റോറിയൻ സഭ
1881 ഡിസംബർ 8 – ൽ സ്ഥാപിതമായി.
ഇന്ന് ഏകദേശം 40 രാജ്യങ്ങളിൽ
പ്രവർത്തിക്കുന്നു.

യുവാക്കൾക്ക് ചേരാൻ അവസരം!

എല്ലാവർക്കും ഹൃദയപൂർവം സ്വാഗതം.

Fr. Noble George SDS, St. Joseph's Minor Seminary
Chullikkara, Padimaruth P.O.-671 531, Kasargod Dt
Contact No: 8921068596



# സുവിശേഷ പ്രഘോഷകരാകാൻ ഈശോയുമായുള്ള സംഭാഷണം അനിവാര്യം

ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ



ഈശോയുടെ പ്രഘോഷകരാകാൻ ഈശോയുമായുള്ള സംഭാഷണം ഏറ്റവും അനിവാര്യമാണെന്ന് 2026 മാർച്ച് 8 ന് വി.യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായം ഒന്നു മുതലുള്ള തിരുവചനങ്ങൾ വിശദീകരിച്ചു കൊണ്ട് ലിയോ പാപ്പ പഠിപ്പിച്ചു. പാപ്പാ പറയുന്നത് യേശു നമ്മുടെ ദാഹത്തിനുള്ള ദൈവത്തിന്റെ ഉത്തരമാണ് എന്നാണ്. .സമരിയാ ക്കാരിയായ സ്ത്രീയോട് ഈശോ പറയുന്നത് ഈശോയുമായുള്ള കൂടിക്കാഴ്ച്ച ഓരോരുത്തരുടേയും ആഴങ്ങളിൽ നിത്യജീവനിലേക്ക് ഒഴുകുന്ന ഒരു നീരുറവയെ സജീവമാക്കുന്നു (യോഹ.4:14) എന്നാണ്. പാപ്പ തുടർന്ന് പറയുന്നത് നമ്മുടെ ഹൃദയങ്ങളെ സ്വതന്ത്രമാക്കുന്ന തിനായി നാം നമ്മെ തന്നെ സമർപ്പിക്കുന്നതിനേക്കാൾ മികച്ചതായി മറ്റൊരു ഊർജ്ജവും നമുക്ക് ചിലവഴിക്കുവാനില്ല എന്നാണ് ഈശോയും സമരിയാക്കാരി സ്ത്രീയും തമ്മിൽ സംസാരിക്കുന്നതു കണ്ടു ശിഷ്യർ വളരെ ആശ്ചര്യപ്പെടുന്നു എന്നാണ് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നത് (യോഹ. 4:27). ഇതിനു കാരണം ഈശോയുടെ ദൗത്യം ശരിക്കും മനസ്സിലാക്കുവാൻ ശിഷ്യർക്ക് കഴിയാത്തത് കൊണ്ടാണ്. എന്നാൽ വിചിന്തന വിഷയമായ ഒരു വലിയ സത്യമാണ് ഈശോ അവരോട് പറയുന്നത്. അവിടുന്ന് പറയുന്നു: 'നാലു മാസം കൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു നിങ്ങൾ പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ കണ്ണുകൾ ഉയർത്തി വയലുകളിലേക്കു നോക്കുവിൻ. അവ ഇപ്പോൾ ത്തന്നെ വിളഞ്ഞു കൊയ്ത്തിനു പാകമായിരിക്കുന്നു.(യോഹ:4:35). പാപ്പ പറയുന്നത് ഈശോ ഇന്ന് സഭയോട്; നമ്മോട് പറയുന്നത് കണ്ണുകൾ ഉയർത്തി ദൈവത്തിന്റെ അൽഭുതങ്ങൾ കാണാനാണ്.

വിളവെടുപ്പിന് നാലു മാസം മുമ്പ് വയലുകളിൽ മിക്കവാറും ഒന്നും കാണാൻ കഴിയില്ല. ഇതു പോലെ നമ്മൾ ഒന്നും കാണാത്തിടത്ത് കൃപ പ്രവർത്തിക്കുന്നു. ലിയോ പാപ്പ പറയുന്നത് വിളവെടുപ്പിനു ധാരാളം ഫലങ്ങൾ ഒരുങ്ങി കഴിഞ്ഞിരിക്കുന്നു എന്നാണ്. വിളവെടുപ്പ് സമൃദ്ധമാണ് പക്ഷെ വേലക്കാർ കുറവാണ് കാരണം അവർ മറ്റ് പ്രവർത്തനങ്ങളാൽ വ്യതിചലിക്കപ്പെടുന്നു. അത് ശരിയല്ല എന്നാണ് പാപ്പ പഠിപ്പിക്കുന്നത്. ലിയോ

പാപ്പായുടെ വീക്ഷണം അനുസരിച്ച് ഈശോക്ക് ആ സ്ത്രീയെ വേണമെങ്കിൽ ഒഴിവാക്കാമായിരുന്നു. അവളെ അവഗണിക്കാമായിരുന്നു.പകരം ഈശോ അവളോട് കരുതലോടെ സംസാരിക്കുന്നു. അവളെ ശ്രദ്ധിക്കുന്നു. നിഗൂഢമായ ഉദ്ദേശ്യങ്ങളില്ലാതേയും അവജ്ഞത ഇല്ലാതേയും ഈശോ അവൾക്ക് അംഗീകാരം നൽകുന്നു. വിളവെടുപ്പിന് പാകമായത് നമ്മൾ തിരിച്ചറിയണം. ലിയോ പാപ്പ പറയുന്നത് ഇന്നും എത്രയോ പേർ ഇതേ ദയയും ഈശോയുടേതു പോലെ തുറന്ന മനസ്സും തേടുന്നു. നാം കണ്ടു മുട്ടുന്നവരെ അവർ ആയിരിക്കുന്ന സാഹചര്യത്തിൽ ശ്രദ്ധിക്കുവാൻ നമ്മൾ സമയം നഷ്ടപ്പെടുത്തുന്നത് എത്രയോ മനോഹരമാണ്. ഇവിടെ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം തന്റെ രക്ഷാകര കർമ്മത്തിൽ മുഴുകിയ ഈശോ ഭക്ഷണം കഴിക്കാൻ പോലും മറന്നു പോയി എന്നതാണ്. മറിച്ച് എല്ലാവരിലേക്കും ആഴത്തിൽ എത്തിച്ചേരാനുള്ള ദൈവത്തിന്റെ ആഗ്രഹത്താൽ ഈശോ അത്രയധികം പോഷിപ്പിക്കപ്പെട്ടു (യോഹ.4:34). നിന്ദിക്കപ്പെടുകയും നിരസിക്കപ്പെടുകയും ചെയ്യപ്പെട്ട അവസ്ഥയിൽ വെള്ളം കോരാൻ വന്ന സമരിയാക്കാരി (യോഹ.4:7) ഈശോയുമായുള്ള തന്റെ സംഭാഷണത്തിന് ശേഷം അവളുടെ ഗ്രാമത്തിലും മറ്റും ഈശോയുടെ വലിയ സാക്ഷികളായായി മാറുന്നു. അതു വഴി ധാരാളം പേർ ഈശോയുടെ ശിഷ്യത്വത്തിലേക്ക് കടന്ന് വരുന്നു. ലിയോ പാപ്പ പറയുന്നത് ജീവിതത്തിൽ വളരെയധികം ദിശാബോധം നഷ്ടപ്പെടുകയും പരാജയപ്പെടുകയും ചെയ്ത പാപിനിയായ സ്ത്രീയിൽ യേശുവുമായുള്ള സംഭാഷണം ക്രമമായ മാറ്റങ്ങൾ ഉണ്ടാക്കുകയും ഈശോയിൽ പ്രവാചകനേയും മിശിഹായേയും രക്ഷകനേയും കാണാൻ സാധിക്കുകയും ചെയ്തു. നമുക്കും ഇതു പോലെ നമ്മുടെ ഈശോയുടെ പ്രഘോഷകരാകാൻ സഭയുടെ അമ്മയായ മറിയത്തോട് മാദ്ധ്യസ്ഥം അപേക്ഷിക്കാം. നന്ദി ❍


**VATHIKAN THARANGAM**

Statement about ownership other particulars about the magazine
“VATHIKAN THARANGAM’’ (Malayalam) (FORM IV SEE RULE 8)

1. Place of publication : Palarivattom, Kochi- 682 025
2. Periodicity of its, publication : Monthly
3. Selling price : Rs.5/-
4. Printers Name : Fr. Jolly Vadakken
   Nationality : Indian
   Address : Director
   Vathican Radio Office, P.O.C., Palarivattom,
   Kochi- 682 025,
   Ernakulam District , (Kerala)
5. Publisher’s Name : As in 4
6. Editors’s Name : As in 4
7. Name and address of the individuals who own the periodical and the partners or shareholders holding more than one percent of the total capital.

Director
Regional Office
Pastoral Orientation Centre

I, Fr. Jolly Vadakken, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Fr. Jolly Vadakken Palarivattom 25.03.2026
**Kochi - 682025**


CMI SACRED HEART PROVINCE, KOCHI
DARSAN
ദൈവവിളി ക്യാമ്പ് 2026
MARCH 31 - APRIL 1
RAJAGIRI CAMPUS, KALAMASSERY
/aspiringcmi
/yuvanirmithirajagiri
+91 70251 62939



# ‘ജനപ്രിയ’ യുവജന ശുശ്രൂഷ

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പ്രബോധനപരമ്പര.***

ക്രിസ്തു ജീവിക്കുന്നു – ഭാഗം 30

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**




230. ഇടവകകകളും പ്രസ്ഥാനങ്ങളും ആസൂത്രണം ചെയ്തു നടപ്പാക്കുന്ന സാധാരണ അജപാലന ശുശ്രൂഷകൾക്കു പുറമേ "ജനപ്രിയ" യുവജനശുശ്രൂഷ കുടി വേണ്ടിയിരിക്കുന്നു. വ്യത്യസ്ത ശൈലിയിൽ, ഭിന്നപദ്ധതിയിൽ, വേഗതയിൽ, ക്രമത്തിൽ. എവിടെ യുവജനത പരിശുദ്ധാത്മാവ് വിതച്ച ചൈതന്യത്തിനനുസൃതമായി സ്വാഭാവിക നേതൃത്വഗുണവും വൈഭവവും വികസിപ്പിച്ച് സജീവമായിരിക്കുന്നുവോ അവിടേക്കെത്തുന്ന വിശാലവും കുടുതൽ അയവേറിയുള്ളതുമായ ശുശ്രൂഷയാവണമിത്. തങ്ങളുടെ ചുറ്റുവട്ടങ്ങളിലും മറ്റിടങ്ങളിലും സ്വാഭാവിക നേതാക്കളായ ഈ യുവവിശ്വാസികൾക്കുമേൽ അടിച്ചേൽപിക്കുന്ന തടസങ്ങൾ, നിയമങ്ങൾ, നിയന്ത്രണങ്ങൾ, നിരോധന സംവിധാനങ്ങൾ ഒന്നുമുണ്ടാവരുത്. സ്വന്തം ഇച്ഛയ്ക്കൊത്തു പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ വൈഭവത്തിൽ അൽപം കുടി വിശ്വാസമർപ്പിച്ചുകൊണ്ട് നാമവരെ അനുധാവനം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും മാത്രമേ ചെയ്യേണ്ടു. 231. നാം ശരിയായ “ജനപ്രിയ”നേതാക്കളെക്കുറിച്ചാണ് പറയുന്നത്. ചെറുസംഘങ്ങളിൽ അടഞ്ഞുകുടുന്ന അഥവാ വരേണ്യവിഭാഗത്തിലുള്ളവരെയല്ല. യുവാക്കൾക്കൊരു ജനപ്രിയ ശുശ്രൂഷ വികസിപ്പിക്കാൻ അവർ ജനകീയ അഭിപ്രായം ശ്രവിക്കണം. അവരുടെ ഉന്നതിക്കായി പ്രവർത്തിക്കുകയും വക്താക്കളാവുകയും വേണം. "ജനങ്ങൾ" എന്നുപറയുമ്പോൾ സമൂഹത്തിന്റെ ഘടനയെയോ സഭയെയോ അല്ല ഉദ്ദേശിക്കുന്നത്. ഒത്തുചേർന്ന് യാത്രചെയ്യുന്ന എല്ലാവരേയും ഒറ്റപ്പെ




ട്ടവരായല്ല, ഇഴുകിച്ചേർന്ന സമൂഹം പോലെ പാവങ്ങളേയും എളുപ്പം മുറിപ്പെടാവുന്നവരേയും പിന്നിൽ തള്ളാതെ എല്ലാവരോടുമൊപ്പം, എല്ലാവർക്കും വേണ്ടി യാത്രചെയ്യുന്ന എല്ലാവരേയും. ജനങ്ങൾ പൊതു നന്മയ്ക്കായി എല്ലാം പങ്കുവയ്ക്കുന്നവരാകുന്നു, അങ്ങനെ ഏറ്റവും അവസാനത്തെ ആളുകളേയും കൂടെ കൂട്ടുന്നു. അതുവഴി എല്ലാവരും ഒപ്പമെത്തുന്നു. അങ്ങനെ എല്ലാവരേയും, പാവപ്പെട്ടവരേയും മുറിപ്പെട്ടവരേയും ദുർബലരേയും പരിക്കേറ്റവരേയും ഒപ്പംകൂട്ടി യുവജനങ്ങളുടെ മുന്നോട്ടുള്ള യാത്ര നടത്താൻ കഴിവുള്ളവരാണ് "ജനപ്രിയ" നേതാക്കൾ. മുറിവേൽക്കുകയോ കുരിശിന്റെ ഭാരത്താൽ തളരുകയോ ചെയ്തവരെ ഭയക്കുകയോ അകറ്റുകയോ ചെയ്യാത്തവർ. 232. അതേപോലെ, ക്രൈസ്തവ കുടുംബങ്ങളിൽനിന്നോ സ്ഥാപനങ്ങളിൽ നിന്നോ അല്ലാത്തവർ, പ്രത്യേകിച്ചും യുവജനങ്ങൾ, ക്രമേണ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്നവർ എന്നിവരേയും നാം നന്മകൾ ചെയ്ത് പ്രോത്സാഹിപ്പിക്കണം. കളകൾക്കിടയിലെ ഗോതമ്പുമണികളെ മാത്രം കാണുന്നതിനെതിരെ കർത്താവ് നമുക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (cf. മത്താ. 13:24–30). ദുർഗ്രഹമായ ആശയങ്ങൾ, ലോകത്തിൽനിന്നും സുരക്ഷിതമായി, എല്ലാ തിന്മയിൽനിന്നും മുക്തമായുള്ള ശുദ്ധവും പരിപൂർണവുമായ ശുശ്രൂഷ ഉണ്ടാക്കിയെടുക്കാനുള്ള ഉദ്യമം ചിലനേരം സുവിശേഷത്തെ വിരസവും അർത്ഥരഹിതവും അനാകർഷണീയവുമായ തലങ്ങളിലേക്ക് തള്ളിവിട്ടേക്കും. അത്തരമൊരു യുവജന ശുശ്രൂഷ യുവജനങ്ങളിൽനിന്നും പൂർണമായി വിച്ഛേദിക്കപ്പെട്ട് സ്വയം തങ്ങൾ വ്യത്യസ്ത യുവജനതയാണെന്ന് സങ്കൽപിച്ച് ശൂന്യവും ഫലരഹിതവുമായി ജീവിക്കുന്നവരുടെ ഏകാന്ത തുരുത്തായി രൂപാന്തരപ്പെടും. കളകൾ പറിച്ചുകളയാൻ ശ്രമിക്കുമ്പോൾ അതോടൊപ്പം, പരിമിതികൾക്കുള്ളിലും വളർന്നുപൊന്താൻ ശ്രമിക്കുന്ന ഗോതമ്പുചെടികളും പിഴുതുകളയുകയോ മുറിച്ചു കളയുകയോ ചെയ്തതെന്നു വരാം. 233. ക്രിസ്തീയത ലഘൂകരിക്കാമെന്നും ധർമത്തിൽനിന്നു വ്യതിചലിക്കരുതെന്നും കരുതി നിയമങ്ങൾ യുവജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്നതിനുപകരം നാം വിളിക്കപ്പെട്ടിരിക്കുന്നത് അവരിൽ ഭയരാഹിത്യം നിക്ഷേപിക്കാനും ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ പരിശീലിപ്പിക്കാനുമാണ്. തെറ്റും പരാജയവും പ്രതിസന്ധിയും ഉണ്ടായേക്കാം. അതവരുടെ മാനുഷികത ശക്തിപ്പെടുത്തുകയേ ഉള്ളുവെന്ന പൂർണ അറിവോടെ.234. നമ്മൾ വാതായനങ്ങൾ തുറന്നുവച്ച ഒരു സഭയാണെന്ന് കാണിക്കുന്ന, എല്ലാ യുവജനതയ്ക്കും സ്ഥാനമുള്ള, എല്ലാവരേയും ഉൾക്കൊള്ളുന്ന യുവജനശുശ്രൂഷ വികസിപ്പിക്കാനാണ് സിനഡ് ആഹ്വാനം ചെയ്യുന്ന

ത്. യുവ ജനതയ്ക്കുള്ള ചില പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാൻ ഒരാൾ എല്ലാ സഭാപഠനങ്ങളും പൂർണമായി അംഗീകരിക്കണമെന്നില്ല. ദൈവത്തിന്റെ വെളിവാക്കപ്പെട്ട സത്യത്തെ സ്വീകരിക്കാനുള്ള ആഗ്രഹാഭിലാഷങ്ങൾ പുലർത്തുന്ന തുറന്ന മനസ്ഥിതി ഉണ്ടാക്കണമെന്നേയുള്ളൂ. ഒരു വിശ്വാസയാത്ര ആരംഭിച്ചതായി നമ്മുടെ ചില അജപാലനദൗത്യങ്ങൾക്ക് അനുമാനിക്കാം. പക്ഷേ നമുക്കു വേണ്ടത് ഒരു "ജനപ്രിയ" യുവജന ശുശ്രൂഷയാണ്. എല്ലാവർക്കും മുമ്പിൽ തുറക്കപ്പെട്ട്, എല്ലാവരേയും സ്വീകരിക്കുന്ന വാതിൽ. അവരുടെ സംശയങ്ങളും പഠനങ്ങളും സ്വയം കണ്ടെത്താനുള്ള പരിശ്രമങ്ങളും ഇച്ഛാഭംഗവും ചെയ്തുപോയ തെറ്റുകളുടേയും പാപാനുഭവങ്ങളുടേയും ഭാരവും സഹിതം. 235. വ്യത്യസ്ത ജീവിതവീക്ഷണമുള്ള, അന്യമതങ്ങളിൽപ്പെട്ട, മതങ്ങളിൽ നിന്നും പൂർണമായി അകലം പാലിക്കുന്ന ആർക്കും സ്ഥാനമുണ്ട്. വേർതിരിവില്ലാതെ എല്ലാ യുവജനങ്ങളും ദൈവത്തിന്റെ ഹൃദയത്തിലുണ്ട്. അതുകൊണ്ട് സഭയുടെ ഹൃദയത്തിലും. നാം ഇങ്ങനെ എപ്പോഴും അധരവ്യായാമം ചെയ്യുമെങ്കിലും ഇത് നമ്മുടെ അജപാലന പ്രവർത്തികളിൽ യാഥാർഥ്യമാകാറില്ലെന്ന് തുറന്നുപറയേണ്ടിയിരിക്കുന്നു. പലപ്പോഴും നാം നമ്മുടെ സാഹചര്യത്തിൽ ഒതുങ്ങിക്കൂടിയിരിക്കുന്നു. ഒരു ശബ്ദവും തുളച്ചുകയറാത്തിടത്ത്, അല്ലെങ്കിൽ നാം അത് അടിയന്തരമല്ലാത്ത, കൂടുതൽ ആനന്ദദായകമായ കാര്യങ്ങളിൽ സ്വയം മുഴുകുന്നു. അജപാലനത്തിൽ ലഭിക്കുന്ന ആരോഗ്യകരമായ അസ്വസ്ഥത ഉള്ളിലൊതുക്കിവച്ച് സ്വന്തം സുരക്ഷാസങ്കേതങ്ങളിൽ നാം ഒതുങ്ങുന്നു. സുവിശേഷം നമ്മോട് ധൈര്യമാണ് ആവശ്യപ്പെടുന്നത്; നാം അങ്ങനെ ആകുകയും ചെയ്യണം; അനുമാനങ്ങളില്ലാതെ, മതപരിവർത്തനം ചെയ്യാതെ, കർത്താവിന്റെ സ്നേഹത്തിന്റെ സാക്ഷ്യം നൽകി, ഭൂമിയിലെ സർവ യുവജനതയിലേക്കും കൈകൾ വിരിച്ച്. 236. "ജനപ്രി"'മാകാൻ അഭിലഷിക്കുകയും വരേണ്യത വലിച്ചെറിയുകയും ചെയ്യുന്ന യുവജനശുശ്രൂഷ മാന്യവും ക്ഷമയുറ്റതും പ്രത്യാശാജനകവും അക്ഷീണവും കരുണാമയവുമായ സ്വാഭാവിക പ്രക്രിയയായി മാറും. യുവജനശുശ്രൂഷയിൽ എന്താണ് സംഭവിക്കുന്നതെന്ന് കാണിക്കാൻ എമ്മാവൂസിലെ ശിഷ്യന്മാരുടെ ഉദാഹരണം സിനഡ് ചൂണ്ടിക്കാട്ടി (cf. ലൂക്കാ 24:13–35). ❍




CMI SACRED HEART PROVINCE, KOCHI
YUVANIRMITHI
YN
RAJAGIRI
Teens Meet
ENHANCE
YOUR LIFE
EXPLORE YOUR PASSION
YUVANIRMITHI RAJAGIRI PRESENTS
IGNITE
CATHOLIC TEENS MEET
MAY 5-8, 2026
CONTACT FOR REGISTRATION: +91 7025162939
Create Memories with Lord



# വിജയകിരീടങ്ങളിലേക്കുള്ള വിശ്വാസത്തിന്റെ ചുട്ടുപൊള്ളുന്ന കനൽ വഴികൾ...

**മോൺ: ഡോ. ജോണി കെ ലോറൻസ്**



ഓരോ കാലഘട്ടത്തിനും അനുയോജ്യമായ വിശ്വാസപോഷണ പ്രവർത്തനങ്ങൾ പല കത്തോലിക്കാരൂപതകളും അനുവർത്തിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികളെ തിരുസഭയോട് ചേർന്ന് യേശുവിലേക്ക് വളർത്തുകയെന്ന ദൗത്യം കേരള കത്തോലിക്കാ മെത്രാൻ സമിതി ഭരമേൽപ്പിച്ചിട്ടുള്ളത് കേരളാ കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് എന്ന കെ.സി.എസ്.എൽ.–നെയാണ്. ഇത്തവണ ലോകം മുഴുവൻ നെഞ്ചിലേറ്റിയ ക്രിക്കറ്റ് താരം സഞ്ജു വി.സാംസണും , അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷയിൽ 57–ാം റാങ്ക് നേടിയ ജെ.എസ്. ശ്രീജയും കെ.സി.എസ്.എൽ– എന്ന പ്രസ്ഥാനത്തിന്റെ തണൽ പറ്റി വളർന്നവരാണ്. പ്രളയ കാലഘട്ടത്തിൽ ബൈബിൾ നഷ്ടപ്പെട്ടുപോയ കുടുംബങ്ങൾക്ക് 'സഹപാഠിക്ക് ഒരു ബൈബിൾ' എന്ന പദ്ധതി, കാരുണ്യദൂത് എന്ന പേരിലുള്ള സൗജന്യകിറ്റ് വിതരണ പദ്ധതി എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ 111 വർഷം പൂർത്തിയാക്കിയ ലോകത്തിലെ തന്നെ ആദ്യ വിദ്യാർത്ഥി പ്രസ്ഥാനമായ കെ.സി.എസ്.എൽ. കാഴ്ച വച്ചിട്ടുണ്ട്.



കോടതിവിധികളിലൂടെ ക്രിസ്തീയ വിശ്വാസം അവഹേളിക്കപ്പെട്ട നാളുകളിൽ V4 Chirst V4 Faith എന്ന തീവ്ര വിശ്വാസ പരിശീലന പദ്ധതിയിലൂടെ നമ്മുടെ വിദ്യാർത്ഥികൾക്ക് യേശുവിലേക്കുള്ള തീർത്ഥാടനത്തിനായി ദിശാബോധം നൽകാനും കെ.സി.എസ്.എൽ. ശ്രമിക്കുകയുണ്ടായി. നെയ്യാറ്റിൻകര രൂപതയിൽ കഴിഞ്ഞ 26 വർഷമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രതിഭാപോഷണം, ട്രെയിനിംഗ് ഫോർ എക്സലൻസ് എന്നീ പഠന പരിശീലനപദ്ധതികളിലൂടെ നിരവധി നിർദ്ധനരായ വിദ്യാർത്ഥികൾ അവരുടെ ജീവിത ലക്ഷ്യങ്ങൾ പുനർനിർണയിച്ച കഴിഞ്ഞിട്ടുണ്ട്. സഞ്ജുവിന്റെയും ശ്രീജയുടെയും വിശ്വാസ വിജയത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ഇടവക സമൂഹങ്ങളിലെയും കൂട്ടായ്മാനുഭവം പുതിയ മാനങ്ങൾ കൈവരിച്ച കഴിഞ്ഞു. സഞ്ജുവിന്റെ വിഴിഞ്ഞം ഇടവവികാരി മോൺ ഡോ.ടി.നിക്കൊളാസ് ആ കുടുംബത്തിന്റെ ഏതൊരു ആത്മീയമായ കാര്യങ്ങളിലും തികഞ്ഞ ആത്മാർത്ഥതയോടെ സഹകരിച്ചുവരുന്നുണ്ടെന്നുള്ളത് എനിക്ക് നേരിട്ട് ബോധ്യമുള്ളതാണ്. കോവിഡ് കാലത്ത് തിരുവനന്തപുരം ജില്ല സമ്പൂർണ്ണമായി അടച്ചിട്ടപ്പോൾ തന്റെ പരിശീലനം മുടങ്ങാതിരിക്കാൻ സഞ്ജു ആശ്രയിച്ചത് കൊല്ലം രൂപതയിലെ ജെറോം മെമ്മോറിയൽ സെന്ററിന്റെ അന്നത്തെ ഡയറക്ടർ ഫാ. ജോർജ് റിബേരോയെ ആയിരുന്നു. വെളുപ്പിന് നാലു മണിമുതൽ തുടങ്ങുന്ന പരിശീലനം കഴിഞ്ഞ് ശരീരം തണുപ്പിക്കാൻ പ്രത്യേക രീതിയിൽ ശീതികരിച്ച വെള്ളം നിറച്ച ഒരു വാട്ടർ ടബ്ബ് തന്നെ സഞ്ജുവിന് സെന്ററിൽ തയ്യാറാക്കി നൽകി.

ശ്രീജയ്ക്കു മുമ്പ് അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് നേടിയ നെയ്യാറ്റിൻകര രൂപതയിലെ മെറീനാ വിക്ടർ ഇപ്പോൾ ഉത്തരേന്ത്യയിൽ സേവനമനുഷ്ഠിക്കുന്നു. മെറീന കെ.സി.എസ്.എൽ–ന്റെ രൂപതാ, ഭാരവാഹിത്വം പലവട്ടം വഹിച്ചിരുന്നു. ഇപ്പോൾ റാങ്ക് നേടിയിട്ടുള്ള ശ്രീജയയുടെ അതിതീക്ഷണമായ വിശ്വാസത്തെക്കുറിച്ച് വിദ്യാർത്ഥി സമൂഹത്തോടും പറഞ്ഞുകൊണ്ടിരിക്കാനാണ് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശ്രീജയുടെ കുടുംബത്തിന്റെ സങ്കടക്കനലുകളിലൂടെയുള്ള യാത്രകളിൽ ആ വിദ്യാർത്ഥിയോടൊപ്പം ഇടവക സമൂഹം ഒപ്പമുണ്ടായിരുന്നു. നെയ്യാറ്റിൻകര ബിഷപ്പ് റൈറ്റ് റവ.ഡോ. ശെൽവരാജൻ ദാസൻ റോമിൽ വച്ച് മാർപ്പാപ്പയെ കൊണ്ട് ആശീർവദിച്ച ജപമാല ശ്രീജയുടെ ഇടവകയായ അമ്മാനിമല ക്രിസ്തുരാജ ഇടവക വികാരി ഫാ. ഡോ. ഡി. ഷാജ് കുമാർ വഴി ശ്രീജയ്ക്ക് കൈമാറുകയുണ്ടായി. തിരുഹൃദയത്തിന്റെയും ദൈവകരുണയുടെയും തിരുക്കുടുംബത്തിന്റെയും ചിത്രങ്ങൾ അലങ്കരിക്കുന്ന സിമന്റ് തേയ്ക്കാത്ത ആ ചുവരുകൾക്കുള്ളിൽ, ദൈവസാന്നിധ്യം ആ കുടുംബത്തോടൊപ്പമുണ്ടെന്നത് തീർച്ച. സഞ്ജുവിന്റെ അമ്മ ലിജിയുടെയും ശ്രീജയയുടെ അമ്മ ഷീജാകുമാരിയുടെയും ഇടറാത്ത ക്രിസ്തു വിശ്വാസം ഒരർത്ഥത്തിൽ നമ്മുടെ രൂപതകളിലുള്ള 'മാതൃവേദി' കൂട്ടായ്മകൾക്ക് നൽകുന്ന പ്രചോദനം അമൂല്യമാണ്. തിരുവനന്തപുരത്തെ 'ഹോം




ഗ്രൗണ്ടിൽ' വച്ച് പരാജയത്തിന്റെ കയ്പ് മുഴുവനും രുചിക്കേണ്ടി വന്ന സഞ്ജുവിന് പിന്തുണയായത് മാതാപിതാക്കളായ വിശ്വനാഥിന്റെയും ലിജിയുടെ ഇടറാത്ത വിശ്വാസമാണ്. ഒടുവിൽ അന്തിമ വിജയത്തിലെത്തിയ സഞ്ജുവിനുവേണ്ടി അമ്മ ലോകത്തോട് പറഞ്ഞത്. ഒരു സങ്കീർത്തന വചനമായിരുന്നു. "തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു. ദൈവത്തിന് സ്തുതി"! ശ്രീജയെ ഗർഭം ധരിച്ച സമയത്തും അമ്മ ഷീജകുമാരിക്ക് ഡോക്ടർമാർ നൽകിയ ഉപദേശം ഐക്യം കുറവായ ഗർഭസ്ഥ ശിശുവിനെ അബോർട്ട് ചെയ്യാനായിരുന്നു. നിരന്തരം മിശിഹാ രഹസ്യങ്ങൾ ധ്യാനിക്കുന്ന ജപമാല ചൊല്ലി ഷീജാകുമാരി ആ പരീക്ഷണ കാലഘട്ടം മറികടന്നുവെന്നത്, ഗർഭസ്ഥ ശിശുക്കളുടെ സ്കാനിംഗിൽ എന്തെങ്കിലും കുറവ് കണ്ടാൽ അപ്പോൾ തന്നെ കുഞ്ഞിനെ ഇല്ലായ്മ ചെയ്യുന്ന ചില അമ്മമാരുടെ ദുഷ്പ്രവണതയ്ക്കുള്ള മറുപടിയാണ്.

റീത്ത് ഭേദമില്ലാതെ ഇന്ന് 27 രൂപതകളിൽ പ്രവർത്തിച്ചു വരുന്ന കെ.സി. എസ്.എൽ. നമ്മുടെ ബാല്യകൗമാരങ്ങളെ യേശുവിലേക്ക് അടുപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. കെ.സി.എസ്.എൽ. മുഖ്യരക്ഷാധികാരി കൊല്ലം ബിഷപ്പ് റൈറ്റ് റവ. ഡോ.പോൾ മുല്ലശ്ശേരി പിതാവും സഹരക്ഷാധികാരികളായ പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും ബത്തേരി ബിഷപ്പ് ജോസഫ് മാർ തോമസ് പിതാവും അടങ്ങുന്ന കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വത്തിൽ കീഴിൽ കെ.സി.എസ്.എൽ. പ്രവർത്തിച്ചുവരുന്നു. മാവേലിക്കര മുൻ രൂപതാധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും നിരവധി വൈദികരും സമർപ്പിതരും കെ.സി.എസ്.എൽ. പ്രസ്ഥാനത്തിലൂടെ ദൈവവിളി സ്വീകരിച്ചവരാണ്. നമ്മുടെ കുരുന്നുകളുടെ നെഞ്ചിനുള്ളിൽ ദൈവം നിക്ഷേപിക്കുന്ന വിശ്വാസ ദീപങ്ങൾ കെടാതെ സൂക്ഷിക്കാൻ കേരളത്തിലെ എല്ലാ രൂപതാധ്യക്ഷന്മാരും വൈദികരും സമർപ്പിതരും അധ്യാപകരും പ്രകടിപ്പിക്കുന്ന ജാഗ്രതയിൽ നമുക്ക് അഭിമാനിക്കാം.

**( കെ.സി.എസ്.എൽ-ന്റെ മുൻ സ്റ്റേറ്റ് ജനറൽ ഡയറക്ടറും നെയ്യാറ്റിൻകര രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എപ്പിസ്ക്കോപ്പൽ വികാരിയും കോർപ്പറേറ്റ് മാനേജരുമാണ് ലേഖകൻ)** ❍

# ദൈവദാൻ സന്ന്യാസിനി സമൂഹത്തിലേക്ക് സ്വാഗതം



എന്റെ ഏറ്റവും ഇളയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തതെന്ന യേശുവിന്റെ തിരുവചനം ഹൃദയത്തിൽ ഏറ്റുവാങ്ങി ഉപേക്ഷിക്കപ്പെട്ടവരുടെയും ആഗതികളുടെയും അശരണരുടെയും ജീവിതത്തിൽ അവരുടെ അമ്മയും സഹോദരിയും കൂട്ടുകാരിയുമായി ശുശ്രൂഷ ചെയ്തു കാരുണ്യത്തിന്റെ കൈത്തിരിയായി ജീവിതം സമർപ്പിക്കാൻ ആഗ്രഹിക്കുന്ന S S L C യോ, +2 ഓ ഉപരി വിദ്യാഭ്യാസ യോഗ്യതയോ ഉള്ള കുഞ്ഞനുജത്തിമാർക്ക് ദൈവദാൻ സമൂഹത്തിലേക്ക് ഹൃദ്യമായ സ്വാഗതം!!!

TO SERVE THE POOREST OF THE POOR
DEIVADAN SISTERS

**Vocation Camp**
**April 8, 9, 10**

Vocation Promotor, Deivadan Sisters, Malayattoor
Mob : 94002 94108, Ph : 0484-2468485

**SYRO MALABAR EPARCHY**
OF ST THOMAS THE APOSTLE, MELBOURNE

# Minor Orders

## Heupdiakona


**Bro. Jojin**
*Aynikkal*


**Bro. Jomin**
*Thekkekumbalavayalil*

Conferred by Mar Joseph Pamplany
23rd March 2026
Dharmaram, Bangalore


**Bro. Prince**
*Padayatty*

Conferred by Mar Pauly Kannookadan
28th March 2026
Irinjalakuda


**Bro. Jibin**
*Karuthedath*

Conferred by Mar Jose Porunnedam
30th March 2026
Mananthavady

## Karoya


**Bro. Abin**
*Kokkappilly*


**Bro. Ronald**
*Varikkasserry*

Conferred by Mar Joseph Pamplany
23rd March 2026
Dharmaram, Bangalore

With Paternal Blessings from Mar John Panamthottathil CMI





# ഡിജിറ്റലാകാം പക്ഷെ വിവേകം വേണം...

ആന്റണി ചടയംമുറി

**വാർത്ത**

സോഷ്യൽമീഡിയയുമായി ബന്ധപ്പെട്ടുള്ള കുടുംബപരവും വ്യക്തിപരവും സമൂഹപരവുമായ ദുരന്തങ്ങൾ സംസ്ഥാനത്ത് കുതിച്ചുയരുകയാണ്. പഠനത്തിന് കമ്പ്യൂട്ടറും മൊബൈൽ ഫോണും വിദ്യാർത്ഥികൾക്ക് ഇന്ന് അനിവാര്യമാണ്. എന്നാൽ ഇതേ ഡിജിറ്റൽ ഉപകരണങ്ങൾ പക്വതയോടെ കൈകാര്യം ചെയ്യാൻ നമ്മുടെ ബാല്യ കൗമാരങ്ങൾക്കും യുവതയ്ക്കും പലപ്പോഴും കഴിയുന്നില്ല. Programme international student Assessment എന്ന സംഘടനയുടെ കണക്കനുസരിച്ച് 14 വയസ്സ് വരെ പ്രായമുള്ള വിദ്യാർത്ഥികൾ 7 മുതൽ 8 മണിക്കൂർവരെ കമ്പ്യൂട്ടർ – മൊബൈൽ സ്ക്രീനുകൾ നോക്കിയിരിക്കുകയാണത്രെ. ഇതിൽ 50% സമയവും വിനോദപരിപാടികൾക്കാണ് അവർ ചെലവിടുന്നത്. ആൺകുട്ടികൾ കൂടുതൽ സമയം ഗെയിമിങ്ങിനും പെൺകുട്ടികൾ സമൂഹമാധ്യമങ്ങൾക്കുമായി കൂടുതൽ സമയം നീക്കിവയ്ക്കുന്നുവെന്നും കണക്കുകളുണ്ട്. Common Media പറയുന്നത് ലോകത്തിലെ 70% കുട്ടികൾക്കും AI (Artificial inteligence) ചങ്ങാതിമാരുണ്ടെന്നാണ്. ജപ്പാനിൽ ഒരു പെൺകുട്ടി തന്റെ AI കാമുകനെ വിവാഹം ചെയ്ത വാർത്തയും നാം വായിച്ചു. കുടുംബങ്ങളിൽ കുട്ടികളെ വളർത്തുന്ന മാതാപിതാക്കളും കലാലയങ്ങളിൽ അറിവ് പകരുന്ന അധ്യാപകരും ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. കുട്ടികളുടെ നവ മാധ്യമ ഉപയോഗം പല വിദേശ രാജ്യങ്ങളും നിയന്ത്രിച്ച് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയും ഇക്കാര്യത്തിൽ കർശന നടപടിയെടുക്കുന്നതായി വാർത്തകളുണ്ട്. നമ്മുടെ ഭരണകർത്താക്കളും ഇക്കാര്യത്തിൽ അതിവേഗ നടപടി സ്വീകരിക്കാൻ വൈകരുത്.

**ചിന്ത**

പാലങ്ങൾ പണിയാൻ ഡിജിറ്റൽ കൊണ്ടുള്ള ബന്ധിപ്പിക്കൽ മതിയാവുകയില്ല. മനുഷ്യവംശത്തെ ഐക്യപ്പെടുത്താൻ അതിന് കഴിവില്ല.
**ഫ്രാൻസിസ് പാപ്പ (എല്ലാവരും സഹോദരർ, പേജ് 35)**

# പോരുന്നോ...............

# എന്റെ കൂടെ ...........

ഈശോയെ സ്നേഹിക്കാൻ .....
ലോകത്തിൽ ഈശോയുടെ വൈബ് ആയി മാറാൻ ❤
ക്രിസ്തുവിനു ജീവിതം കൊണ്ട് സാക്ഷ്യം നല്കാൻ ....❤
സമർപ്പിത ജീവിതത്തിന്റെ മാധുര്യം നുകർന്നു [illegible]കാരനായ
ഈശോയുടെ മണവാട്ടി ആകുവാൻ ....❤ഈശോ നിന്നെ
വിളിക്കുന്നു





## cmc vimala province

**kovilvattom road**

**Ernakulam**

VOCATION PROMOTER SR.PRASANNA

7306938773

VATHICAN THARANGAM
RN 55178/94
Total Pages 36 Date of Publication 31-03-2026




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.